

2020 ഒക്ടോബർ 17

ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിന്റെ മുഖപത്രം

CHURCH OF GOD (Full Gospel) IN INDIA KERALA STATE

# സുവിശേഷനാദം

SUVISESHANADAM

പാസ്റ്റർ പി. എ. വി. സാം അനുസ്മരണ പതിപ്പ്


# പാസ്റ്റർ പി.എ.വി. സാം യാത്രയായി



**മുളക്കുഴ:** ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ കേരളാ സ്റ്റേറ്റ് മുൻ ഓവർസിയറും മുൻ വെസ്റ്റ് ഏഷ്യൻ സൂപ്രണ്ടുമായിരുന്ന പാസ്റ്റർ പെനിയേൽ അതിശയ വിജയശേഖര രാജ ശാമുവേൽ (പിഎവി സാം–85) നിത്യതയിൽ പ്രവേശിച്ചു. ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിൽ 1988 മുതൽ 12 വർഷം ഓവർസിയറായിരുന്നു. തുടർന്ന് വെസ്റ്റേഷ്യൻ സൂപ്രണ്ടായി പ്രമോഷൻ ലഭിക്കുകയും 8 വർഷം ആ സ്ഥാനത്ത് തുടരുകയും ചെയ്തു. അതിനെ തുടർന്ന് റിട്ടയറായെങ്കിലും ചർച്ച് ഓഫ് ഗോഡ് വേൾഡ് മിഷൻ എക്സിക്യൂട്ടിവ് കൗൺസിൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ മാനിച്ച് ഇന്റർനാഷണൽ ജനറൽ മിനിസ്റ്റർ എന്ന പദവി നല്കി ആദരിച്ചു.

തമിഴ്നാട്ടിലെ തിരുനൽവേലി ജില്ലയിൽ പാണ്ഡ്യരാജവംശത്തിലെ തായ്‌വഴിയായ കുലശേഖര അരുമൈനായകത്തിന്റെ മകനാണ് അരുമൈനായക രാജമണി തങ്കയ്യ അതിശയം.(പാസ്റ്റർ എ. ആർ. റ്റി. അതിശയം) അദ്ദേഹത്തിന്റെയും ചെങ്ങന്നൂർ തോട്ടുങ്കര കുടുംബാംഗമായ അന്നമ്മയുടെയും ദീർഘനാളത്തെ പ്രാർത്ഥനയുടെ ഫലമായി അവരുടെ സീമന്ത മകനായി 1936–ൽ കൊട്ടാരക്കര കരിക്കത്ത് പെനിയേൽ അതിശയം വിജയ ശേഖര രാജ സാമുവേൽ ജനിച്ചു. അടൂർ ഗവൺമെന്റ് ഹൈസ്കൂൾ, പന്തളം എൻഎസ്എസ് കോളേജ് എന്നിവിടങ്ങളിൽ പഠനം നടത്തി. 1956–ൽ കേരളാ യൂണിവേഴ്സിറ്റിയുടെ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും രസതന്ത്രത്തിൽ ഉയർന്ന മാർക്കോടെ ബിരുദം നേടി. പഠനാനന്തരം സ്വിറ്റ്സർലൻഡ് ആസ്ഥാനമായ സീബാ ഗോയ്റി എന്ന മെഡിക്കൽ കമ്പനിയുടെ സൗത്ത് ഇൻഡ്യൻ മാനേജരായി ജോലി ചെയ്തു. പിന്നീട് ജോലി രാജിവെച്ച് സുവിശേഷവേലയ്ക്ക് ഇറങ്ങിയ അദ്ദേഹം ശക്തനായ ഉണർവ്വ് പ്രസംഗീകനായിട്ടാണ് ആത്മീയ രംഗത്ത് ശ്രദ്ധേയനാകുന്നത്. 1958 മുതൽ മുളക്കുഴ മൗണ്ട് സിയോൻ ബൈബിൾ കോളേജ് അദ്ധ്യാപകനായും, സുവിശേഷ നാദം മാസികയടെ എഡിറ്ററായും പ്രവർത്തിച്ചു. 1966–ൽ ചർച്ച് ഓഫ് ഗോഡിന്റെ അഖിലേന്ത്യ വൈസ് പ്രസിഡന്റായും ഫീൽഡ് സെക്രട്ടറിയായും തിരഞ്ഞെടുക്കപ്പെട്ടു. പിന്നീട് 17 വർഷത്തോളം ഇവാഞ്ചലിസം ഡയറക്ടറായും പ്രവർത്തിച്ചു.

കേരളക്കരയിലെ പെന്തക്കോസ്ത് മുന്നേറ്റത്തിന് വിശേഷാൽ പൂവത്തൂർ ഉണർവ്വിന്റെ തീ നാളമായി ദൈവം ഉപയോഗിച്ച പാസ്റ്റർ എ. ആർ. റ്റി. അതിശയവും ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യയുടെ ആധുനീക ശില്പിയുമായ പാസ്റ്റർ പി.എ. വി. സാമും ദൈവത്തിന്റെ നിയോഗം ലഭിച്ച് സഭാ ചരിത്രത്തിൽ നൂതന ചരിത്രം സൃഷ്ടിച്ച മഹാരഥന്മാരാണ്. അഖിലലോക ദൈവ സഭയുടെ സൂപ്രണ്ട് പദവിയിലേക്ക് ഉയർന്ന ആദ്യ ഇന്ത്യാക്കാരൻ, ലിബിയായിലേക്കുള്ള ആദ്യ ഏഷ്യൻ മിഷനറി, എന്നീ പദവികളിൽ പാസ്റ്റർ പിഎവി സാം ശോഭിച്ചിട്ടുണ്ട്. 1979–ൽ അദ്ദേഹം ആരംഭിച്ച ബഥേസ്ദാ റീവൈവൽ ക്രൂസേഡ് എന്ന സുവിശേഷികരണ പ്രസ്ഥാനം കേരളത്തിൽ അങ്ങോളമിങ്ങോളും നടത്തിയ യോഗങ്ങൾ വൻ വിജയമായിരുന്നു. ആയിരക്കണക്കിന് ആളുകൾ സുവിശേഷം അറിയുന്നതിനും, അനേകർക്ക് രോഗസൗഖ്യവും വിടുതലും ലഭിക്കുന്നതിനും അത് നിമിത്തമായി.1980–ൽ കേരളാ ഗവർണറായിരുന്ന ജ്യോതി വെങ്കിടചലത്തോട് രാജ്ഭവനിലും, 1982–ൽ അന്നത്തെ പ്രധാനമന്ത്രി ആയിരുന്ന ഇന്ദിരാഗാന്ദിയുടെ മുന്നിൽ അവരുടെ വസതിയിലും സുവിശേഷം പങ്കുവെയക്കുവാൻ ഭാഗ്യം സിദ്ധിച്ച നേതാവായിരുന്നു അദ്ദേഹം.

അദ്ദേഹത്തിന് ലഭിച്ച വിദ്യാഭ്യാസം, ഔദ്യോഗിക പദവികളിൽ നിന്നും ലഭിച്ച അനുഭവങ്ങൾ, രാജാധികാരം കയ്യാളിയിരുന്ന പിതാക്കന്മാരിൽ നിന്നും പൈതൃകമായി ലഭിച്ച നേതൃപാടവം എല്ലാം ദൈവസഭയുടെ വളർച്ചയ്ക്ക് മുതൽകൂട്ടായി മാറി. ദീർഘ വീക്ഷണത്തോടു കൂടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയ ക്രാന്തദർശിയായിരുന്നു അദ്ദേഹം. ചർച്ച് ഓഫ് ഗോഡിന്റെ ഭരണ വികേന്ദ്രീകരണത്തിൽ മിഷണറിയാരുന്നു റോബർട്ട്. ജെ റീസറോടൊപ്പം വഹിച്ച പങ്ക് നിസ്തുലമായിരുന്നു. 1988 മുതൽ കേരളാ സ്റ്റേറ്റ് ഓവർസീയറായി 12 വർഷം സഭയെ വളർച്ചയിൽ നിന്ന് വളർച്ചയിലേക്ക് നയിച്ചു. അദ്ദേഹത്തിന്റെ സിറ്റി മിഷൻ എന്ന ദർശനത്തിന്റെ ഫലമാണ് ദൈവസഭയുടെ പട്ടണങ്ങളിലെ സഭകൾ. ദൈവസഭയുടെ അന്തർദേശീയ തലങ്ങളിൽ പോലും അംഗീകാരം ലഭിച്ച ഭരണതന്ത്രജ്ഞൻ, പെന്തക്കോസത് സഭകളുടെ ഐക്യത്തിനും സാഹോദര്യത്തിനും വേണ്ടി ഉത്സാഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത ദാർശനീകൻ, സഭാ വളർച്ചയുടെ ദൗത്യശാസ്ത്രം നന്നായി അറിയാവുന്ന നേതാവും ആയിരുന്ന പാസ്റ്റർ പിഎവി സാം. ദൈവസഭയുടെ ശോഭനമായ ഭാവിക്കു വേണ്ടി യത്നിച്ച അദ്ദേഹം അതിനായി നൂതനായ അനേകം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. തിരുവല്ലായിൽ കൺവൻഷൻ സ്റ്റേഡിയം, ഇൻഡ്യാ ചർച്ച് ഓഫ് ഗോഡ് തിയോളജിക്കൽ സെമിനാരി എന്നിവ അദ്ദേഹത്തിന്റെ പ്രയത്നത്തിന്റെ ഫലമാണ്.

സ്വീഡനിൽ നടന്ന വേൾഡ് പെന്തക്കോസ്ത് കോൺഫറൻസ്, ഡെക്കേഡ് ഓഫ് ഹാർവെസ്റ്റിന്റെ ഏഷ്യ പസഫിക്ക് ലീഡർഷിപ്പ് ക്യാമ്പുകളിലെ മുഖ്യ പ്രസംഗകൻ, സാർക്ക് രാജ്യങ്ങളിലേക്ക് ചർച്ച് ഓഫ് ഗോഡിന്റെ പ്രവർത്തനം വ്യാപിപ്പിച്ച മിഷണറി ലീഡർ എന്നി നിലയിൽ രാജ്യാന്തര പ്രശ്സതി നേടിയിരുന്നു പാസ്റ്റർ പി.എ. വി സാം. അമേരിക്കൻ ബയോഗ്രാഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ചർച്ച് ഗ്രോത്ത് ഇന്റർനാഷണൽ, ബില്ലി ഗ്രഹാം ഇവാഞ്ചലിസ്റ്റിക്ക് അസോസിയേഷൻ എന്നിവ റവ. സാമിന്റെ നേതൃത്വപാടവത്തിനും സംഘാടക മികവിനും അവാർഡുകൾ നൽകി ആദരിച്ചു.

ഭാര്യ: വാകത്താനം വെട്ടിയിൽ ശ്രീമതി. ഏലിയാമ്മ സാമുവേൽ. മക്കൾ. പാസ്റ്റർ റോയി സാമുവേൽ(യു.എസ്സ്.എ), പരേതനായ റെജി സാമുവേൽ, റെനി കോശി(യു.എസ്സ്.എ). മരുമക്കൾ: സിസി, ഡോ. സഖറിയ കോശി. ഏക സഹോദരി പി.എ ഗ്രേസ്സ് (ഇംഗ്ലണ്ട്). കൊച്ചു മക്കൾ. ജോൺ കോശി, ജോവാൻ കോശി.

## പാസ്റ്റർ പി.എ.വി. സാം

# ചരിത്രത്തിൽ ശോഭ പടർത്തിയ ഭരണകാലഘട്ടത്തിന്റെ ഉപജ്ഞാതാവ്



**റവ. സി. സി. തോമസ്**

ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസിയർ

ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യ കേരളാ സ്റ്റേറ്റ് മുൻ ഓവർസിയറും മുൻ വെസ്റ്റ് ഏഷ്യൻ സൂപ്രണ്ടുമായിരുന്ന പാസ്റ്റർ. പി. എ. വി സാം അവർകളുടെ വേർപാട് ദൈവസഭക്ക് ഉളവാക്കിയത് ഒരു വലിയ തീരാ നഷ്ടമാണ്. മനുഷ്യ മനസുകളെ പിടിച്ച് ഉലച്ച സാം സാറിന്റെ വേർപാട് സഭയെയും ദൈവ വേലയേയും ആത്മാർത്ഥതയോടെ സ്നേഹിക്കുന്ന ഒരു വ്യക്തിക്ക് ഒരിക്കലും താങ്ങാൻ കഴിയുകയില്ല. വെട്ടുകുഴിയിൽ വെച്ചുതന്നെ ചെത്തിവെടിപ്പാക്കി അടിത്തറക്കു രൂപം കൊടുക്കുമ്പോൾ കർത്താവിന്റെ വിളി നേരിൽ കേട്ട ശമുവേലിനെപോലെ പുറത്ത് അല്പം പോലും വഴിമാറി ഒഴുകാതെ കൊമ്പിൽ നിന്നും തലയിലേക്ക് പാഞ്ഞൊഴുകിയ അഭിഷേക തൈലം ഉച്ചിമുതൽ ഉള്ളംകാൽ വരെ പകരുന്ന അനുഭവം നേരിൽ കാണുവാൻ കഴിഞ്ഞത് പ്രീയ സാം സാറിന്റെ സുവിശേഷ വേലയുടെ തീഷ്ണത അടുത്തറിഞ്ഞ ചുരുക്കം ചില വ്യക്തികളിൽ ഒരാളാകുവാൻ ദൈവം എനിക്കും ഭാഗ്യം ലഭിച്ചു എന്നതുകൊണ്ട് മാത്രമാണ്. മലയാളി പെന്തക്കോസ്ത് സമൂഹത്തിന് അഭിമാനമായിരുന്നു പാസ്റ്റർ പി.എ.വി സാം സാർ.

ഒരോ മനുഷ്യജീവിതവും ഓരോരോ ഉപമകളാണ് ഒരു നെയ്ത്തുകാരന്റെ ചിത്രപ്പണിപോലെ തന്റെ മനതാരിൽ വിരിയുന്ന സ്വപ്നസ്പടിക മകുടത്തെ കറ തീരാതെ അഭ്രപാളികളിൽ നെയ്തെടുത്ത നെയ്ത്തുകാരനെപോലെ ആയിരങ്ങളിൽ ഒരുവനായി ദൈവം അദ്ദേഹത്തെ ഉപയോഗിച്ചു. ഇഹലോകജീവിതത്തിൽ നിന്നും തങ്ങൾ പ്രീയം വെച്ച സ്വന്ത ഭവനത്തിലേക്ക് മടങ്ങി പോകുമ്പോൾ മറ്റുള്ളവർക്ക് അനുകരിക്കുവാൻ ചില നന്മ മണികൾ ഈ ഭൂമിയിൽ ശേഷിപ്പിക്കും പല മഹത് വെക്തികളും. അത്തരത്തിലുള്ള അനുകരണനീയമായ ഒരു മഹത് വ്യക്തിത്വത്തിന് എന്തു കൊണ്ടും പേരുപോലെ തന്നെ തികച്ചും യോഗ്യനാണ് പെനിയേൽ അതിശയ വിജയശേഖര രാജ ശാമുവേൽ എന്ന പി.എ.വി. സാം സാർ. അദ്ദേഹത്തിന്റെ പേരിന്റെ പൂർണരൂപം നാം വിശദമായി വീക്ഷിച്ചാൽ തന്റെ പിതാവിന്റെ മേൽ ദൈവം ചൊരിഞ്ഞ വെളിപ്പാടും കൃപാ കടാക്ഷവും എത്രയെന്നു കൃത്യമായി അന്വർത്ഥമാക്കുന്നതായിരുന്നു സാറിന്റെ ഓരോ പ്രവർത്തികളും. തന്റെ ജീവിത പ്രയാണത്തിൽ താൻ പ്രവർത്തനം ആരംഭിച്ച ഓരോ മേഖലയിലും ദൈവത്തിന്റെ കൈയൊപ്പ് ഉണ്ടായിരുന്നു എന്ന് ആത്മാർത്ഥതയോടെയും, അഭിമാനത്തോടെയും കൂടെ ദൈവസഭയെ തിരിഞ്ഞു നോക്കി നിൽക്കുന്ന ഒരു ഭക്തന് മനസിലാക്കുവാൻ പുതിയ വെളിപ്പാട് വേണ്ട എന്നതാണ്. ഒരു മനുഷ്യന് അവന്റെ ജീവിതത്തിൽ ലഭിക്കുന്ന ഏറ്റവും വലിയ ബഹുമാന്യത അവന്റെ ശത്രുക്കളിൽ നിന്നും ലഭിക്കുന്ന ആദരവാണ്. ഉൽകൃഷ്ടവും. ഉദാത്തവും ,സംശുദ്ധവുമായത് അതൊന്നു മാത്രമാണ്. ഇന്ന് അദ്ദേഹത്തെ പറ്റി നല്ല വാക്കുകൾ അനേകർ പറയുമ്പോൾ തന്റെ ക്രിസ്തുവിലുള്ള വിശ്വാസജീവിതം അനേകർക്ക് അനുകരണീയമാണെന്നതിൽ വലിയ ഉത്തമസാക്ഷ്യം വേറെയില്ല.

മലങ്കരയുടെ ഉണർവ്വിന്റെ വക്താവും പെന്തക്കോസ്തിന്റെ ആരംഭകാലത്തേ സുവിശേഷീകരണ പ്രവർത്തനങ്ങളിൽ ത്യാഗോജ്ജ്വലമായ പങ്ക് വഹിച്ച ഭക്തനുമായിരുന്ന പാസ്റ്റർ എ.ആർ.ടി അതിശയത്തിന്റെയും, അന്നമ്മ അതിശയത്തിന്റെയും, സീമന്തപുത്രനായി ജനിച്ച്, പ്രസിദ്ധ മരുന്ന് കമ്പനിയായ സീബാ ഗെയ്ഗിയുടെ സൗത്ത് ഇന്ത്യൻ മാനേജരായി പൊതുജീവിതം ആരംഭിച്ച സാം സാർ തന്റെ ജോലി ഒരു സുപ്രഭാതത്തിൽ രാജി വെച്ച് സുവിശേഷകനായി മാറുകയും, തുടർന്ന് ചർച്ച് ഓഫ് ഗോഡ് ഫീൽഡ് സെക്രട്ടറി, ഇവാഞ്ചലിസം ഡയറക്ടർ, ഗവേണിംഗ് ബോഡി ചെയർമാൻ എന്നി നിലകളിൽ പ്രവർത്തിച്ചു. 1988 മുതൽ അദ്ദേഹം ഓവർസിയറായി പ്രവർത്തിക്കുകയും നീണ്ട പന്ത്രണ്ട് വർഷം കൊണ്ട് ദൈവസഭയുടെ മുഖച്ഛായ പാടെ മാറ്റിയെടുത്ത കർമധീരനായ ഭരണാ

ശേഷം പേജ് 6



This is a letter from the Director of World Missions, Church of God to the family

Warmest Christian greetings!

We mourn the passing and the loss of your father, Reverend P.A.V. Samuel, but we rejoice at the legacy he lived and has left! He was faithful to God and to his calling and lived a life of commitment to Christ and we know that great will be his reward.

Our prayers will continue for you and your family members that you may received the comfort that comes from knowing that you will rejoice with him one day in that Heavenly home also and that you have had the rare gift of having such a man lead your family! Please be assured of our prayers for you and your family in the coming days.

**Dr. David M. Griffis.** *Director of World Missions*



My family and I, along with Church of God in South Asia, wish to express our heartfelt condolences to the family and friends of Reverend P. A. V. Samuel who served the Lord and Church of God throughout many years of faithful leadership. When traveling in Kerala and all India, one can see evidence of his labors as well as meet people who were impacted by Reverend Samuel's vision. His dynamic personality and charisma, along with emphasis on ministerial training, inspired and equipped many who are serving as leaders for Church of God today. The acquisition of properties and establishment of new ministries mark his leadership. May the Lord of the Harvest continue to bless those efforts and all those who were inspired by Reverend Samuel to do more and better work, as the present and emerging generations build upon the foundation of the former. "Now the Lord of peace himself give you peace always by all means. The Lord be with you all."

**Bishop Ken Anderson**, *Asian Superintendent*

# ഞാൻ അറിയുന്ന പി.എ.വി.



**പാസ്റ്റർ പി. ആർ ബേബി**

ഫെയ്ത്ത് സിറ്റി ചർച്ച് ഓഫ് ഗോഡ് കളമശ്ശേരി

ഞാനും പിഎവി സാം സാറുമായുള്ള 43 വർഷത്തെ ബന്ധം ആരംഭിക്കുന്നത് എന്റെ വിവാഹത്തോട് കൂടിയാണ്. എന്നാൽ അതിനു മുന്നമെ തന്നെ 1975–ൽ എന്റെ ഭാര്യ ഗ്രേസിയെ സ്നാനപ്പെടുത്തിയത് അദ്ദേഹമാണ്. പിന്നീട് എന്റെ മകനേയും, എന്റെ മാതാവിനേയും പിതാവിനേയും അദ്ദേഹം സ്നാനപ്പെടുത്തി. എനിക്ക് ഓർഡിനേഷൻ അടക്കുമുള്ള സർട്ടിഫിക്കറ്റുകൾ തന്ന് എന്നെ ശുശ്രൂഷയ്ക്ക് ആക്കിയതും അദ്ദേഹമാണ്. 1977–ൽ ബെഥേസ്ദാ ക്രൂസേഡും പി

ശേഷം പേജ് 6



കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ട പാസ്റ്റർ പിഎവി സാമിന്റെ കുടുംബത്തിന് എന്റെ കുടുംബത്തിന്റെയും ഇന്ത്യാ പെന്തക്കോസ്ത് ദൈവസഭ എന്ന വിശാല കുടുംബത്തിന്റെയും അനുശോചനം അറിയിക്കുന്നതിനോടൊപ്പം സർവ്വാശ്വസങ്ങളുടെയും ദൈവമായ സ്വർഗ്ഗീയ പിതാവ് ദുഃഖിതരായിരിക്കുന്ന പ്രീയപ്പെട്ടവർക്ക് ദൈവം ആശ്വാസവും സമാധാനവും നൽകട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

പാസ്റ്റർ പിഎവി സാം ഒരു വിശ്വാസ മനുഷ്യനായിരുന്നു. തന്റെ സാദാത്മകമായ കാഴ്ചപ്പാട് തന്റെ സന്ദേശങ്ങളിലും പ്രാർത്ഥനകളിലും, സംഭാഷണങ്ങളിലും പ്രതിഫലിച്ചിരുന്നു. അദ്ദേഹത്തിന്റെ സുവിശേഷികരണ തൃഷ്ണതയേയും ആവേശത്തേയും ഞാൻ അഭിനന്ദിക്കുന്നു. നിരവധി സന്ദർഭങ്ങളിൽ അദ്ദേഹത്തോടൊപ്പം ശുശ്രൂഷിക്കുവാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. അനേകം വർഷങ്ങൾ തുടർച്ചയായി കുമ്പനാട് ഐപിസി ജനറൽ കൺവൻഷനിൽ പങ്കെടുത്തതും ഞാൻ ശുശ്രൂഷിച്ചിരുന്ന രാത്രികൾ മുഴു സമയവും സ്റ്റേജിൽ ഉണ്ടായിരുന്നതും ഓർക്കുന്നു.

ഇന്ത്യയിലെ ചർച്ച് ഓഫ് ഗോഡ് സഭയ്ക്ക് ദീർഘ വർഷങ്ങൾ അദ്ദേഹം നേതൃത്വം കൊടുത്തു. ചർച്ച് ഓഫ് ഗോഡിന്റെ മാത്രമല്ല ഇന്ത്യയിലെ മുഴുവൻ പെന്തക്കോസ്ത് സഭയുടെയും ഒരു ശക്തനായ വക്താവായിരുന്നു അദ്ദേഹം. മാത്രമല്ല ഒരു ആഗോള കാഴ്ചപ്പാടുള്ള നേതാവും ആയിരുന്നു. ഞങ്ങളുടെ കുടുംബത്തോടും ഐപിസി സഭാ നേതൃത്വത്തോടും വളരെ ഊഷ്മളമായ ഒരു കൂട്ടായ്മ ബന്ധം അദ്ദേഹം പുലർത്തിയിരുന്നു. അദ്ദേഹത്തിന്റെ വിശ്വസ്ത സേവനത്തിനായി ദൈവത്തിന് നന്ദി അർപ്പിക്കുന്നു. വിശ്വസ്തതയോടെ നമ്മുടെ ശുശ്രൂഷകൾ തുടരാം. പ്രീയ കർത്തൃദാസന്റെ കുടുംബത്തിനും ചർച്ച് ഓഫ് ഗോഡ് സഭാ കുടുംബത്തിനും വേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**പാസ്റ്റർ ഡോ. വത്സൻ ഏബ്രഹാം**
*(ഐപിസി ജനറൽ പ്രസിഡന്റ്)*



ആത്മീയ ഗോളത്തിലെ ധീര പോരാളിയായിരുന്നു, എന്റെ സ്നേഹിതൻ പാസ്റ്റർ പിഎവി സാം. ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ചിന്റെയും, ന്യൂ ഇൻഡ്യാ ബൈബിൾ സെമിനാരിയുടെയും ഒരു നല്ല സുഹൃത്ത് നിത്യതയിലേക്ക് ചേർക്കപ്പെട്ടതിൽ കർത്താവിൽ പ്രത്യാശിക്കുന്നു. സ്വദേശത്തും വിദേശത്തും അനേകം വേദികൾ പങ്കിടുവാൻ അവസരം ലഭിച്ചിട്ടുണ്ട്. ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ചിന്റെ അനേകം ജനറൽ കൺവൻഷനുകളിൽ കടന്നു വന്ന് ശുശ്രൂഷിച്ചത് നന്ദിയോടെ സ്മരിക്കുന്നു.

കർത്താവ് ഏല്പിച്ച ശുശ്രൂഷ വിശ്വസ്തതയോട് കൂടി ചെയ്ത് തീർത്ത ഒരു മഹാനായിരുന്നു പാസ്റ്റർ പിഎവി സാം ദൈവസഭയുടെ വളർച്ചയ്ക്കും വിശാലതയ്ക്കും വേണ്ടി പ്രവർത്തിച്ച ഒരു മഹത് വ്യക്തിയെ സഭ ഒരിക്കലും മറക്കില്ല. ഉയിർപ്പിൻ സുപ്രഭാതത്തിൽ വീണ്ടും കാണാം എന്നുള്ള പ്രത്യാശയിൽ ഞങ്ങൾ കാത്തിരിക്കുന്നു. ദുഃഖത്തിൽ ആയിരിക്കുന്ന എല്ലാവരേയും കർത്താവ് ആശ്വസിപ്പിക്കട്ടെ.

**റവ.തോമസ് ഫിലിപ്പ്**
*പ്രസിഡന്റ് ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ച്, പായിപ്പാട്*



ശുശ്രൂഷ തികച്ച് കർത്താവിന്റെ സന്നിധിയിലേക്ക് ചേർക്കപ്പെട്ട പ്രീയ സാം സാറിനെ ഓർക്കുമ്പോൾ വളരെ അഭിമാനവും പ്രത്യാശയും ഉണ്ട്. എന്റെ വേദപഠന കാലയളുകളിലും, ശുശ്രൂഷയുടെ ആരംഭ നാളുകളിലും ദൈവസഭയുടെ കേരളാ സ്റ്റേറ്റിന്റെ അമരക്കാരനായി കർത്താവിന്റെ ദാസൻ സേവനമനുഷ്ഠിക്കുകയായിരുന്നു. ക്രിസ്തീയ ശുശ്രൂഷയിൽ അനേകം ശുശ്രൂഷാ പാഠങ്ങളും അനുഭവങ്ങളും പ്രാപിക്കുവാനും എനിക്ക് കഴിഞ്ഞു. ആകർഷണമായി വ്യക്തിത്വവും, വിശേഷമായ ഭരണ നൈപുണ്യവും, ആത്മനിറവിലുള്ള ശുശ്രൂഷയും, ധീരമായ ചുവട് വെയ്പുകളും, ദൈവം സഭയ്ക്ക് നല്കി തന്ന മറക്കനാവാത്ത സംഭാവനകളും അദ്ദേഹത്തെ വ്യതിരിക്തനാക്കുന്നത്. ചർച്ച് ഓഫ് ഗോഡ് സെൻട്രൽ വെസ്റ്റ് റീജിയന്റെ എല്ലാവിധമായ ദുഃഖവും പ്രത്യാശയും അറിയിക്കുന്നു. കുടുംബാംഗങ്ങളെ സർവ്വ ശക്തൻ ആശ്വസിപ്പിക്കട്ടെ.

**പാസ്റ്റർ ബെനിസൺ മത്തായി**
*ഓവർസിയർ സെൻട്രൽ വെസ്റ്റ് റീജിയിൻ*



ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓവർസീയറായി കർത്താവിന് വേണ്ടി വളരെയധികം പ്രയോജനപ്പെട്ടിട്ടുള്ള പാസ്റ്റർ. പി.ഏ.വി. സാം സാറിനെ ഓർത്തും ദൈവസഭയ്ക്ക് മറക്കുവാൻ കഴിയാത്ത നിലയിൽ ദൈവം അദ്ദേഹത്തിലൂടെ ചെയ്തെടുത്ത എല്ലാ നല്ലപ്രവർത്തികളെയുമോർത്ത് ദൈവത്തെ സ്തുതിക്കുന്നു. ദൈവസഭയുടെ പ്രവർത്തനങ്ങൾ അദ്ദേഹത്തിന്റെ ഭരണകാലങ്ങളിൽ വളരെയധികം അഭിവൃദ്ധിയിലേക്ക് കൊണ്ടുവരുവാൻ സാധിച്ചു. മലയാളികളായ ദൈവമക്കൾക്ക് ഒരിക്കലും മറക്കാൻ കഴിയാനാവാത്ത നിലയിൽ തന്റെ വ്യക്തിമുദ്ര പതിപ്പിച്ച് ഇന്ന് ക്രിസ്തുവിൽ വിശ്രമിക്കുമ്പോൾ അദ്ദേഹത്തിന്റെ ദേഹവിയോഗ ദുഃഖത്തിൽ ഞങ്ങൾ പങ്ക് ചേരുന്നു. ഇന്ത്യാ ദൈവസഭ സെൻട്രൽ ഈസ്റ്റേൺ റീജിയന്റെയും എന്റെയും കുടുംബത്തിന്റെയും പ്രത്യാശയും ദുഃഖവും അറിയിക്കുന്നു.

**പാസ്റ്റർ ബെന്നി ജോൺ**
*ഓവർസിയർ സെൻട്രൽ ഈസ്റ്റേൺ റീജിയൻ*



കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽ ഏറ്റവും ശക്തിയോടെ ദൈവവേല ചെയ്ത സഭാ നേതാവായിരുന്നു പാസ്റ്റർ പി എ വി സാം. പന്ത്രണ്ടു വർഷം ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് ഓവർസിയറായും അതിന് മുമ്പ് ബെഥേസ്ഥ ക്രൂസേഡിന്റെ പ്രവർത്തകനായും ക്രിസ്തുവിന്റെ മഹത്വമേറിയ പ്രവർത്തനങ്ങളിൽ അദ്ദേഹം നിലകൊണ്ടു. എന്നെ പ്രസംഗിക്കാനായി അദ്ദേഹം പല സ്ഥലങ്ങളിലും ക്ഷണിച്ചിരുന്നു. പ്രത്യേക അഭിഷേകവും പ്രവാചക ശുശ്രൂഷയും ഉള്ള ആളായിരുന്നു അദ്ദേഹം. ചില മാസങ്ങൾക്ക് മുമ്പ് എന്നെ കാണണമെന്ന് ആവശ്യപ്പെട്ടത് അനുസരിച്ച് അദ്ദേഹത്തിന്റെ അരികിൽ ഞാൻ പോയിരുന്നു. പല കാര്യങ്ങളും ഒരു മണിക്കൂറോളം സംസാരിച്ച് ദൈവസ്നേഹം പുതുക്കാനിടയായി. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ഞാൻ ദു:ഖം അറിയിക്കുന്നു. കർത്താവിന്റെ മടങ്ങിവരവിൽ തേജസിൽ കാണാമെന്ന വലിയ പ്രത്യാശ അറിയിക്കുന്നു.

**പാസ്റ്റർ കെ സി ജോൺ**
*ചെയർമാൻ പവർ വിഷൻ*



ദീർഘ വർഷങ്ങളായി പാസ്റ്റർ പി എ വി സാം എന്റെ വലിയൊരു സ്നേഹിതനായിരുന്നു. ചർച്ച് ഓഫ് ഗോഡിൽ മാത്രമല്ല മറ്റ് സഭകളിലെ നേതാക്കളെയും വിശ്വാസികളെയും സ്നേഹിക്കാനും അംഗീകരിക്കാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. അദ്ദേഹത്തിന്റെ വിയോഗത്തിൽ അസംബ്ളിസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ ദുഃഖവും പ്രത്യാശയും അറിയിക്കുന്നു. കുടുംബാംഗങ്ങളെ ദൈവം ആശ്വസിപ്പിക്കട്ടെ.

**റവ. ഡോ.പി.എസ് ഫിലിപ്പ്**
*മലയാളം ഡിസ്ട്രിക്ട് കൗൺസിൽ അസംബ്ളിസ് ഓഫ് ഗോഡ്*



**പാസ്റ്റർ. പി. എ. വി സാം : ധീക്ഷണശാലിയായ സഭാ നേതാവ്**

നിത്യതയിൽ ചേർക്കപ്പെട്ട പാസ്റ്റർ. പി. എ.വി. സാമിന് പ്രത്യാശയോടെ സഹോദര സഭയായ ശാരോൻ ഫെലോഷിപ്പ് ചർച്ചിന്റെ യാത്രാമൊഴി. ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് സ്ഥാപകൻ ഡോ. പി.ജെ .തോമസിന്റെ (ശാരോൻ തോമാച്ചായൻ) പിതാവ് ജോൺ അയ്യാപിള്ള സാറും, പാസ്റ്റർ പി.എ.വി സാമിന്റെ പിതാവ് പാസ്റ്റർ.ഏ.ആർ. ടി. അതിശയവും തമ്മിൽ ഊഷ്മളമായ ഒരു ബന്ധമുണ്ടായിരുന്നു. ആ ബന്ധത്തിന്റെ തുടർച്ച യെന്നത് പോലെ ശാരോൻ തോമാച്ചായനും പി.എ.വി സാമും തമ്മിൽ സ്നേഹിതരായിരുന്നു. വ്യക്തിപ്രഭാവവും ഭരണ പാടവമുള്ള ഒരു സഭാ നേതാവ് ആയിരുന്നു പാസ്റ്റർ പി.എ.വി.സാം. ആംഗലേയ ഭാഷയിലും മലയാളത്തിലും നടത്തിയിട്ടുള്ള അർത്ഥവത്തായ പ്രഭാഷണങ്ങൾ മായാതെ നിൽക്കുന്നു. ദീർഘ വർഷങ്ങൾ കേരളത്തിൽ സഭക്ക് നേതൃത്വം വഹിക്കാനും ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നടത്താനും കഴിഞ്ഞു. പിന്നീട് ദൈവസഭയുടെ രാജ്യാന്തര നേതൃത്യത്തിൽ എത്താനും സാധിച്ചു. ശക്തനായ ഒരു ക്രിസ്തീയ നേതാവ് തന്നെയായിരുന്നു പി. എ. വി എന്നത് നിസ്തർക്കമാണ്. അങ്ങനെയുള്ള ഒരു സഭാ നേതാവിനെയാണ് ഈ വിയോഗത്തിലൂടെ നഷ്ടമായത്. ദു:ഖിതരായ കുടുംബാംഗങ്ങളെയും സഭാ അംഗങ്ങളെയും ദൈവം ആശ്വസിപ്പിക്കട്ടെ എന്നും പ്രാർത്ഥിക്കുന്നു.

**പാസ്റ്റർ എബ്രഹാം ജോസഫ്** മാനേജിംഗ് കൗൺസിൽ ജനറൽ സെക്രട്ടറി ശാരോൻ ഫെലോഷിപ്പ് ചർച്ച്



കേരളക്കരയിലെ ഉണർവ്വുകളുടെ ആരംഭകാലത്ത് ദൈവം ശക്തമായി ഉപയോഗിച്ച പാസ്റ്റർ എ ആർ ടി അതിശയത്തിന്റെ മകനായി ജനിച്ച പാസ്റ്റർ പി എ വി സാം, പിതാവിൽ നിന്നും ലഭിച്ച ആത്മീയ ഉണർവിന്റെ വാഹകനായിരുന്നു. മലയാള പെന്തക്കോസ്ത് സമൂഹത്തിന്റെ ഐക്യവേദിയായിരുന്ന കേരള പെന്തക്കോസ്ത് ഫെലോഷിപ്പിന്റെ പ്രവർത്തനങ്ങളിൽ ഞങ്ങൾക്ക് ഒന്നിച്ച് കരം കോർക്കാൻ കഴിഞ്ഞത് ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുന്നു. ഭരണരംഗത്ത് നൈപുണ്യവും കാര്യപ്രാപ്തിയുമുള്ള വ്യക്തി ആയിരുന്നപ്പോൾ തന്നെ അത്മീയ ശുശ്രൂഷയിലും പ്രാർത്ഥനയിലും മുന്നേറിയ അഭിഷക്തനായിരുന്നു. പാസ്റ്റർ പി എ വി സാം ചർച്ച് ഓഫ് ഗോഡിൽ ഓവർസിയറായിരുന്ന കാലം സുവർണ്ണ ഘട്ടമെന്ന് രേഖപ്പെടുത്തുന്നതിൽ അതിശയോക്തിയില്ല.തലയെടുപ്പും കാര്യശേഷിയുമുള്ള നേതാവിനെയാണ് പെന്തക്കോസ്ത് സമൂഹത്തിന് നഷ്ടപ്പെട്ടതെങ്കിലും ഉയർപ്പിൻ പൊൻപുലരിയിൽ വിശുദ്ധന്മാരൊടൊത്ത് വീണ്ടും കാണാമെന്ന പ്രത്യാശ നമുക്ക് ആശ്വാസം നൽകുന്നു.

**പാസ്റ്റർ വി എ തമ്പി,**
*പ്രസിഡണ്ട് ന്യു ഇന്ത്യാ ചർച്ച് ഓഫ് ഗോഡ്*



ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യാ കേരളാ സ്റ്റേറ്റ് ഓവർസിയറായും, ഗവേണിംഗ് ബോഡി ചെയർമാനായും, വെസ്റ്റ് ഏഷ്യൻ സൂപ്രണ്ടായും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച പാസ്റ്റർ പിഎവി സാം അവർകളുടെ വേർപാട് ദുഃഖകരമാണ്. അദ്ദേഹത്തിന്റെ സുവിശേഷ ദർശനം സഭയുടെ പുരോഗതിക്ക് കാരണമായി. ദീർഘ വീക്ഷണത്തോടെയുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ വിലമതിക്കപ്പെടേണ്ടതാണ്. ദുഃഖത്തിലായിരിക്കുന്ന എല്ലാവരേയും ദൈവം ആശ്വസിപ്പിക്കട്ടെ. ചർച്ച് ഓഫ് ഗോഡ് നോർത്തേൺ റീജിയന്റെ ദുഃഖവും പ്രത്യാശയും അറിയിക്കുന്നു.

**പാസ്റ്റർ രാജു തോമസ്**
*ഓവർസിയർ നോർത്തേൺ റീജിയൻ*



അരനൂറ്റാണ്ടുകാലം ഇന്ത്യയിലും വിദേശ രാജ്യങ്ങളിലും സുവിശേഷ ഘോഷണത്തിന്റെയും പരിശുദ്ധാത്മാവിന്റെയും അഗ്നി ജ്വലിപ്പിച്ച കർത്താവിൽ അനുഗ്രഹീത ദൈവദാസൻ പാസ്റ്റർ പിഎവി സാം ഓർമയായി. സുവിശേഷ ഘോഷണത്തിലും ആത്മനിറവ് ശുശ്രൂഷയിലും ദൈവരാജ്യത്തിന്റെ കെട്ടുപണിക്കുവേണ്ടി ദൈവം തന്നെ ശക്തമായി ഉപയോഗിച്ചു. അദ്ദേഹം ആകാരമികവുകൊണ്ടും ഭാഷാ നൈപുണ്യം കൊണ്ടും പ്രഭാഷണ കലകൊണ്ടും ആത്മിക ലോകത്തിൽ വേറിട്ട വ്യക്തിത്വം ആയിരുന്നു ദൈവസഭ കേരളാ സ്റ്റേറ്റ് ഓവർസീയർ എന്ന നിലയിൽ പ്രവൃത്തിച്ച കാലഘട്ടം ദൈവസഭയ്ക്ക് അത്ഭുതപൂർവ്വമായ വളർച്ചയാണ് ഉണ്ടായത്. നൂറുകണക്കിന് സഭകളെ കൂട്ടായ്മയിൽ ചേർത്തു ശുശ്രൂഷകന്മാരെ ആത്മീക അച്ചടക്കത്തിലും ശുശ്രൂഷകളിലും പ്രോത്സാഹിപ്പിച്ചു. ഇൻഡ്യയുടെ ഫീൽഡ് സെക്രട്ടറിയായും ചർച്ച് ഓഫ് ഗോഡ് വെസ്റ്റേഷ്യൻ സൂപ്രണ്ടായും ശ്രദ്ദേയമായ പ്രവർത്തനമാണ് കാഴ്ച വച്ചത്. കേരളാ റീജിയണിലും വിവിധ ആത്മീയ ശുശ്രൂഷകളിൽ വന്നു സംബന്ധിച്ചത് ഇന്നും ഞങ്ങളുടെ ഓർമയിൽ ഉണ്ട്. ദുഃഖാർത്തരായ കുടുംബാംഗങ്ങളെ കർത്താവ് ആശ്വസിപ്പിയ്ക്കട്ടെ കേരളാറീജിയനിലെ മുഴുവൻ വിശ്വാസി സമൂഹവും ശുശ്രൂഷകന്മാരും ഈ ദുഃഖത്തിലും ക്രിസ്തീയ പ്രത്യാശയിലും പങ്കുചേരുന്നു

**പാസ്റ്റർ എൻ.പി കൊച്ചുമോൻ**
*ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ ഓവർസീയർ*




ആത്മാവിന്റെ ശക്തിയിലും വചനത്തിലും അടിസ്ഥാന ഉപദേശത്തിലും നിലനിന്ന് പെന്തക്കോസ്ത് സമൂഹത്തിന് ദൈവകൃപ പകർന്ന് നൽകിയ ഭക്തനായിരുന്നു പാസ്റ്റർ പി എ വി സാം. കല്ലുമല സഭകളുടെ ജനറൽ കൺവൻഷനിലെ മുഖ്യപ്രഭാഷകനായിരുന്ന അദ്ദേഹത്തെ കല്ലുമല കുഞ്ഞുമോനച്ചായൻ വളരെയധികം സ്നേഹിച്ചിരുന്നു. വേദിയിൽ അദ്ദേഹം ശക്തമായി ദൈവവചനം സംസാരിക്കുമ്പോൾ അദ്ഭുത രോഗശാന്തി നടക്കുകയും ഭൂതങ്ങൾ അകന്നു പോകുന്നതും ഞാൻ കണ്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ വേർപാട് പെന്തക്കോസ്ത് സഭകൾക്ക് നഷ്ടമാണെങ്കിലും കർത്താവിന്റെ സമയത്താണ് ഓട്ടം തികച്ച് നിത്യതയിൽ പ്രവേശിച്ചത്.കല്ലുമല സഭയിലെ വിശ്വാസികളുടെയും ദൈവദാസന്മാരുടെയും ദു:ഖവും പ്രത്യാശയും അറിയിക്കുന്നു.

**പാസ്റ്റർ പി ജെ തോമസ്,**
*പ്രസിഡണ്ട്, കല്ലുമല ചർച്ച് ഓഫ് ഗോഡ്*



സാം സാറുമായി ദീർഘ വർഷത്തെ പരിചയമുണ്ട്. കരിയംപ്ലാവ് കൺവൻഷനിൽ അനേകം പ്രാവശ്യം ദൈവവചനം ശുശ്രൂഷിച്ചിട്ടുണ്ട്. അദ്ദേഹം ഏഷ്യൻ സൂപണ്ടായിരുന്ന കാലത്താണ് വരുന്നത്.തുടർന്ന് വന്നപ്പോഴെല്ലാം വലിയ അനുഗ്രഹമായിരുന്നു. പാസ്റ്റർ പി എ വി സാമിന്റെ മരണം പെന്തക്കോസ്ത് ലോകത്തിനും ഡബ്ല്യുഎംഇ സഭക്കും ഈ വിയോഗം ഒരു തീരാനഷ്ടമാണ്. കർത്താവിന്റെ സന്നിധിയിലേക്ക് കടന്നു പോയ അദ്ദേഹത്തിന്റെ ജീവിതം നമുക്കെല്ലാം മാതൃകയാണ്.

**പാസ്റ്റർ ഒ എം രാജുക്കുട്ടി,** *പ്രസിന്റ് ഡബ്ല്യുഎംഇ*



*1982–ൽ അന്നത്തെ പ്രധാനമന്ത്രി ആയിരുന്ന ഇന്ദിരാഗാന്ദിയുടെ മുന്നിൽ അവരുടെ വസതിയിൽ സുവിശേഷം പങ്കുവെയക്കുന്നു*












കേരളത്തിലെ പെന്തക്കോസ്ത് സമൂഹത്തിൽ സമാനതകളില്ലാത്ത സംഘടനാ പാടവത്തിലൂടെ ദൈവസഭയുടെ വളർച്ചയ്ക്ക് വലിയ പങ്ക് വഹിച്ച ദൈവദാസനായിരുന്നു പാസ്റ്റർ പിഎവി സാമുവേൽ. എന്നും ഓർമ്മയിൽ നിറഞ്ഞു നിൽക്കുന്ന വ്യക്തി പ്രഭാവമുള്ള നേതാക്കളിൽ തന്റേതായ പ്രവർത്തന ശൈലിയിൽ ഇടംനേടിയ സാം സാറിന്റെ സംഭാവനകൾ ദൈവസഭയ്ക്ക് വിസ്മരിക്കുവാൻ കഴിയുകയില്ല.

1988 മുതൽ 2000 വരെയുള്ള കാലഘട്ടത്തിൽ മറ്റു പെന്തക്കോസ്ത് പ്രസ്ഥാനങ്ങളേക്കാൾ കേരളത്തിലുള്ള ദൈവസഭയെ പുരോഗതിയിലേക്ക് കൈപിടിച്ചുയർത്തി. ഏവരും അംഗീകരിക്കുന്ന സുവിശേഷ പ്രസംഗകൻ, തന്റെ ശുശ്രൂഷയിലൂടെ അത്ഭുത രോഗശാന്തിയും വിടുതലുകളും ദൈവ കൃപയാൽ വെളിപ്പെടുത്തി. തികഞ്ഞ പ്രാർത്ഥനാ മനുഷ്യൻ, ആഞ്ഞടിച്ച പ്രതികൂലങ്ങളിൽ പതറാതെ നല്ല അമരക്കാരനെപ്പോലെ ദൈവസഭയെ മുന്നോട്ട് നയിച്ച പ്രതിസന്ധികൾക്ക് തകർക്കുവാൻ കഴിയാത്ത ജീവിതത്തിന് ഉടമയായിരുന്നു അദ്ദേഹം.

എന്റെ അദ്ധ്യാപകൻ മാത്രമല്ല എന്നെ സഭയുടെ ശുശ്രൂഷകനായി നിയമിച്ചതും, എന്റെ ഓർഡിനേഷൻ കാര്യങ്ങളും എന്നെ വിളിച്ചതും ഞാൻ ഇന്നും ഓർക്കുന്നു.

തന്റെ ശുശ്രൂഷാ കാലയളവിൽ ഞാൻ കടന്നു പോയ പ്രതിസന്ധിയിൽ എന്നെ ചേർത്ത് നിർത്തി ശുശ്രൂഷകളിൽ നൽകിയ കൈത്താങ്ങളുകൾ നന്ദിയോടെ ഓർക്കുന്നു. ഞാൻ ബൈബിൾ സ്കൂൾ പഠനത്തിനായി മുളക്കുഴയിൽ എത്തിയതു മുതൽ വെസ്റ്റ് ഏഷ്യൻ സുപ്രണ്ടായി പോകുന്നതു വരെയും അദ്ദേഹത്തോട് ചേർന്ന് നിൽക്കുവാൻ ദൈവം എനിക്കും അവസരം തന്നു. മാത്രമല്ല താൻ വിശ്രമ ജീവിതം നയിച്ച എറണാകുളത്തുള്ള ഭവനത്തിൽ പലപ്പോഴും ചെല്ലുവാനും സമയം ചിലവഴിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

താൻ പ്രാർത്ഥിച്ച് ആരംഭിച്ചതും ഞാൻ കഴിഞ്ഞ 26 വർഷമായി ശുശ്രൂഷിക്കുന്ന ചേന്ദമംഗലം സഭയിൽ കുഞ്ഞുമോൻ പാസ്റ്ററെ കൂട്ടി വരുകയും ശുശ്രൂഷിക്കുകയും ചെയ്തത് ഞങ്ങൾക്ക് അനുഗ്രഹമായിരുന്നു.

പ്രീയ സാം സാറിന്റെ വേർപാട് ദൈവസഭാ സമൂഹത്തിന് വേദനയും നഷ്ടവുമാണ്. എന്നാൽ നിത്യതയിൽ കാണാം എന്ന തികഞ്ഞ പ്രത്യാശയോടും ദുഃഖത്തിൽ ആയിരിക്കുന്ന അമ്മാമ്മയേയും മകൻ പാസ്റ്റർ റോയി ശാമുവേലിനേയും കുടുംബത്തേയും മകൾ സിസ്റ്റർ റെനിയേയും കുടുംബത്തേയും കർത്താവ് ദീവ്യ സമാധാനത്താൽ നിറച്ച് പ്രത്യാശ നല്ധകി ഉറപ്പിക്കട്ടെ.

**പാസ്റ്റർ വൈ റെജി**
*അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്*

## കേരള പെന്തക്കോസ്ത് ചരിത്രത്തിൽ ജ്വലിച്ചുനിന്ന വ്യക്തിത്വം



ചർച്ച് ഓഫ് ഗോഡ് ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ് മുൻ ഓവർസിയറും മുൻ വെസ്റ്റ് ഏഷ്യൻ സൂപ്രണ്ടുമായിരുന്ന പാസ്റ്റർ പി എ വി സാമിന്റെ നിര്യാണം ദൈവസഭക്ക് ഉളവാക്കിയത് വലിയ നഷ്ടമാണ്. ദൈവസഭക്ക് പുതിയ മേൽവിലാസം ഉണ്ടാക്കിയെടുക്കുവാൻ ദൈവത്താൽ നിയമിതനായ ഭരണാധികാരിയായിരുന്നു. കേരളാ പെന്തക്കോസ്ത് ചരിത്രത്തിൽ സുവിശേഷത്തിനായി ഒരു വിളക്കുമരമായി പ്രകാശം പരത്തി ജ്വലിച്ചുനിന്ന വ്യക്തിത്വമാണ്.

എല്ലാ പെന്തക്കോസ്ത് സഭാവിഭാഗങ്ങളിലുമുള്ളവരുടെ സ്നേഹാദരങ്ങൾ തനിക്ക് ലഭിച്ചിട്ടുണ്ട്. മരണത്താൽ ഇവിടെനിന്ന് മാറ്റപ്പെട്ടുവെങ്കിലും സാറിന്റെ ശുശ്രൂഷ അനുഭവിച്ച ആർക്കും അദ്ദേഹത്തെ മറക്കുക സാദ്ധ്യമല്ല. ആത്മീക ശുശ്രൂഷകളിൽ ആത്മാവിന്റെ കൊടിയ കാറ്റടിക്കുന്നതുപോലെയുള്ള അനുഭവങ്ങൾ, സാർ കൈവച്ച് പ്രാർത്ഥിക്കുന്നതിന് കൂട്ടം കൂട്ടമായി ആളുകൾ ഓടിവരുന്നതും ശക്തിയേറിയ ആത്മപ്പകർച്ചയും അദ്ദേഹത്തിന്റെ ശുശ്രൂഷാസമയത്ത് ദർശിക്കാമായിരുന്നു.

ദീർഘ ദിവസങ്ങൾ ഉപവസിക്കുകയും മണിക്കൂറുകൾ എടുത്ത് കരഞ്ഞ് പ്രാർത്ഥിക്കുന്ന രീതി തന്റെ ഒരു പ്രത്യേകതയാണ്. തനിക്കെതിരെ കൊടുങ്കാറ്റുപോലെ പ്രശ്നങ്ങൾ ഉയർന്നപ്പോഴും പ്രാർത്ഥനയാൽ അതിനെ ജയിക്കുവാൻ ദൈവം ഇടയാക്കി.

ഞങ്ങളെ കുടുംബമായി വളരെയധികം സ്വാധീനിച്ച ദൈവഭക്തനായിരുന്നു പാസ്റ്റർ പി.എ.വി.സാം സാർ. ശുശ്രൂഷകളോടുള്ള ബന്ധത്തിൽ രണ്ടു പ്രാവശ്യം ഞങ്ങളോടൊപ്പം താമസിച്ചു. ബാംഗ്ലൂർ സഭാ പ്രവർത്തനത്തിൽ ആയിരുന്നപ്പോൾ ഒരാഴ്ചയും, കുവൈറ്റിൽ ഞാൻ ചർച്ച് ഓഫ് ഗോഡ് കുവൈറ്റിൽ സഭാപാസ്റ്റർ ആയിരിക്കുന്ന സമയം സാറിന്റെ ആഗ്രഹപ്രകാരവും ഞങ്ങളുടെ പ്രത്യേക ക്ഷണപ്രകാരവും യു.എസിൽ നിന്ന് കുവൈറ്റിൽ വന്ന് 35 ദിവസം താമസിച്ചു.

സ്വന്തം മക്കളെപ്പോലെ ഞങ്ങളെ കരുതുകയും എന്നെ ഓർഡൈൻ ചെയ്ത് പ്രാർത്ഥിച്ചതും ഓർഡിനേഷൻ സർട്ടിഫിക്കറ്റ് തന്നതും സാറ് തന്നെയാണ്.

1992 ൽ ഡിസ്ട്രിക്ട് പാസ്റ്റർ ആയിട്ട് പ്രമോഷൻ തന്നതുൾപ്പടെ എന്റെ ദൈവസഭയിലുള്ള എല്ലാ ഉയർച്ചയുടെയും പിന്നിൽ സാറിന്റെ നല്ല മനസ്സും കരുതലും ഉണ്ട്. അദ്ദേഹത്തിന്റെ ഭാര്യ ഏലിയാമ്മ അമ്മാമ്മയെയും, റോയിസാർ കുടുംബം, റെനി കുടുംബം എല്ലാവരേയും ദൈവം ആശ്വസിപ്പിക്കുകയും ബലപ്പെടുത്തുകയും ചെയ്യട്ടെ. ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് കൗൺസിലിന്റെ എല്ലാ വിധ ദുഃഖവും പ്രത്യാശയും രേഖപ്പെടുത്തുന്നു.

**പാസ്റ്റർ റ്റി.എം. മാമ്മച്ചൻ**
*സി.ജി.ഐ.സ്റ്റേറ്റ് കൗൺസിൽ സെക്രട്ടറി*



ഇൻഡ്യാ പൂർണ സുവിശേഷ ദൈവസഭയുടെ ചരിത്രത്തിൽ തങ്കലിപികളാൽ എഴുതപ്പെട്ട ഒരു സുപ്രധാന കാലഘട്ടമാണ് പാസ്റ്റർ പി. എ. വി സാം സഭയ്ക്ക് നേതൃത്വം കൊടുത്ത കാലഘട്ടം. പ്രസിദ്ധമായ ഒരു കമ്പനിയുടെ ഉന്നത ഉദ്യോഗസ്ഥനായി ജോലി ചെയ്തിരുന്ന സാറിന് ചർച്ച് ഓഫ് ഗോഡ് എന്ന പ്രസ്ഥാനത്തെ എങ്ങനെ നയിക്കണമെന്ന് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. ഏതു പ്രതിസന്ധിയെയും നിഷ്പ്രയാസം തരണം ചെയ്യുവാൻ ഉള്ള ഒരു ആർജ്ജവം സാറിൽ നമുക്ക് കാണുവാൻ കഴിയുമായിരുന്നു. ആരുടേയും മുന്നിൽ കുലുങ്ങാത്ത, തലകുനിക്കാത്ത ഒരു അനിഷേധ്യ നേതാവായാണ് സറ് ദൈവസഭയെ നയിച്ചത്. ദൈവസഭയുടെ വളർച്ചയ്ക്കുവേണ്ടി സിറ്റി മിഷൻസ്, സി. ജി.കെ. എം., ക്രൂസേഡ് ഡിപ്പാർട്ട്മെന്റ് തുടങ്ങി അനേകം നൂതന പദ്ധതികൾ സാറിന്റെ മനസ്സിലുരിത്തിരിഞ്ഞു. ദൈവസഭയ്ക്ക് ജനറൽ കൺവൻഷൻ നടത്തുവാൻ വേണ്ടി തിരുവല്ല പബ്ലിക് സ്റ്റേഡിയം തരാതെ ദൈവസഭയെ സമൂഹമധ്യത്തിൽ അവഹേളിച്ച പ്രത്യേക സാഹചര്യത്തിൽ പിറ്റേവർഷം അതേ തിരുവല്ലാ പട്ടണത്തിൽ ദൈവസഭയ്ക്ക് സ്വന്തമായി ഒരു സ്റ്റേഡിയം നിർമ്മിച്ചെടുത്ത് ഗവൺമെന്റ് അധികാരികളെ പോലും ആശ്ചര്യപ്പെടുത്തിയ അസാമാന്യകഴിവിന് ഉടമയായിരുന്നു സാം സാർ. ഇംഗ്ലീഷ് ഭാഷയിൽ പ്രത്യേക വൈഭവം ഉണ്ടായിരുന്ന സാറിന്റെ ഒരു സ്വപ്നമായിരുന്നു ചർച്ച ഓഫ് ഗോഡിന് സ്വന്തമായി ഒരു ഇംഗ്ലീഷ് മീഡിയം ബൈബിൾ സെമിനാരി സ്ഥാപിക്കുക എന്നുള്ളത്. സാർ അത് സ്ഥാപിക്കുക മാത്രമല്ല ദൈവസഭ വേൾഡ് മിഷൻ ഡയറക്ടറെ കൊണ്ടുവന്ന് അത് ഉദ്ഘാടനം ചെയ്യിച്ചത് ദൈവസഭാ ചരിത്രത്തിലെ ഒരു സുപ്രധാന സംഭവമായിരുന്നു. സാറിന്റെ ഹൃദയത്തിലെ ഒരു തീരാദുഃഖം ആയിരുന്നു താൻ സ്ഥാപിച്ച ഇംഗ്ലീഷ് മീഡിയം ബൈബിൾ സെമിനാരി നിർത്തൽ ചെയ്തത്.

പ്രതിസന്ധികൾ ഉയർന്നുവന്നപ്പോൾ ദൈവകൃപയിൽ ആശ്രയിച്ച് ചഞ്ചലപ്പെടാതെ എല്ലാത്തിനെയും തരണം ചെയ്ത സാറിന്റെ നേതൃപാടവം സഭയ്ക്ക് മറക്കുവാൻ കഴിയില്ല. സാം സാറിന്റെ തലയെടുപ്പും വേദികളിൽ ആത്മനിറവോടെ ശുശ്രൂഷ ചെയ്യുന്നതും സാറിനെ മറ്റ് നേതാക്കന്മാരിൽ നിന്നെല്ലാം വ്യത്യസ്തനാക്കി. പെന്തക്കോസ്ത് പ്രസ്ഥാനങ്ങൾക്കെല്ലാം ഒരു കാലഘട്ടത്തിൽ അഭിമാനമായിരുന്ന സാം സാറിനെ, ഓവർസിയർ സ്ഥാനത്തിന് ശേഷം വെസ്റ്റേഷ്യൻ സൂപ്രണ്ടായും അന്തർദേശീയ ദൈവസഭയുടെ ജനറൽ മിനിസ്റ്ററായും പ്രത്യേക പദവികൾ നൽകി ചർച്ച് ഓഫ് ഗോഡ് ആദരിച്ചിരുന്നു. ദൈവസഭ ഭൂമിയിലുള്ള കാലഘട്ടത്തോളം സാറിന്റെ പേര് ദൈവസഭാ മക്കളുടെ ഉള്ളിൽ മായാതെ നിൽക്കും . ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിന് വിലപ്പെട്ട സംഭാവനകൾ നൽകിയ പ്രിയ സാം സാറിന് പ്രത്യാശയോടെ വിട ചൊല്ലുന്നു.

**ഡോ.ഷിബു കെ.മാത്യു,** *എജ്യൂക്കേഷൻ ഡയറക്ടർ*

## അനുകരണീയമായ ജീവിതത്തിനുടമ



തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നത് ഭക്തന്മാരുടെ ജീവാവസാനം ഓർത്ത് അവരുടെ വിശ്വാസത്തെ അനുകരിക്കുവാൻ എന്നാണ്. വളരെ നല്ല പ്രാർത്ഥനാ ജീവിതത്തിന്റെയും ക്രിസ്തീയ ജീവിതത്തിന് പ്രചോദനം നല്കി തരുന്ന ജീവിതമായിരുന്നു പാസ്റ്റർ പിഎവി സാം സാറിന്റേത്. കേരള പെന്തക്കോസ്തിന് ദൈവം നല്കി തന്ന വരദാനങ്ങളിൽ ഒന്നായിരുന്നു അദ്ദേഹം. ദൈവസഭയുടെ മുഖച്ഛായ അപ്പാടെ മാറ്റി, ദൗത്യ ദർശനത്തോടെ സഭയെ മുന്നോട്ട് നയിച്ച അദ്ദേഹത്തിന്റെ സഭാ ദൗത്യപരമായ പ്രവർത്തികൾ ശ്ലാഘനീയമാണ്. എക്കാലവും മലയാളി പെന്തക്കോസ്തർക്ക് അനുസ്മരിക്കുവാൻ കഴിയുന്ന ചില ശേഷിപ്പുകൾ ചരിത്രത്തിൽ രേഖപ്പെടുത്തിയാണ് അദ്ദേഹം വിടവാങ്ങുന്നത്. വിയോഗദുഖത്തിൽ പ്രലപിതാരാകുന്ന ഏവരോടുമൊപ്പം ദൈവസഭ ലേഡിസ് മിനിസ്ട്രീസും പങ്കുചേരുന്നു. ദുഃഖത്തിലായിരിക്കുന്ന പ്രീയ അമ്മാമയേയും കുഞ്ഞുങ്ങളേയും സകലഹൃദയങ്ങളേയും ആശ്വസിപ്പിക്കുന്ന സർവ്വശക്തനായ ദൈവം സകല ബുദ്ധിയേയും കവിയുന്ന ദൈവത്തിന്റെ സമാധാനം കൊണ്ട് നിറയ്ക്കട്ടെ. എല്ലാവിധമായ ദുഖവും പ്രത്യാശയും അറിയിക്കുന്നു.

**സിസ്റ്റർ സുനു തോമസ്**
*പ്രസിഡന്റ് ലേഡിസ് മിനിസ്ട്രീസ്*



ദൈവസഭയുടെ ചരിത്രത്തിൽ നൂതനമായ അദ്ധ്യായം എഴുതിച്ചേർത്ത് സഭയെ മുഖ്യധാരയിലേക്ക് കരം പിടിച്ചുയർത്തിയ ദീർഘ വിക്ഷണമുള്ള നേതാവായിരുന്നു പാസ്റ്റർ പിഎവി സാം സാർ. അദ്ദേഹത്തിന്റെ സംഭാവനകൾ എന്നും ഏവരുടെയും മനസ്സിൽ തങ്ങി നില്ക്കും. ദൈവസഭയുടെ ഉന്നമനത്തിനായി അഹോരാത്രം അദ്ധ്വാനിച്ച് നിത്യതയിലേക്ക് ചേർക്കപ്പെട്ട സാം സാറിന്റെ ദേഹവിയോഗത്തിൽ ദുഃഖിക്കുന്നവരോടൊപ്പം ചർച്ച് ഓഫ് ഗോഡ് ചാരിറ്റി ഡിപ്പാർട്ട്മെന്റും പങ്ക്ചേരുന്നു. സർവ്വാശ്വസങ്ങളുടെയും ഉറവിടമായ ദൈവം ഏവരേയും ആശ്വസിപ്പിക്കട്ടെ.

**പാസ്റ്റർ ഷിജു മത്തായി**
*ഡയറക്ടർ ചാരിറ്റി ഡിപ്പാർട്ട്മെന്റ്*

## യുവാക്കളെ പുതിയ കാലഘട്ടത്തിലേക്ക് നയിച്ച നേതാവ്



കേരളാ പെന്തക്കോസ്ത് ചരിത്രത്തോടൊപ്പം നടന്ന് നീങ്ങിയ പാസ്റ്റർ പിഎവി സാം ആശയങ്ങൾ രൂപീകരിക്കുന്നതിലും, അത് പ്രയോഗത്തിൽ വരുത്തുന്ന കാര്യത്തിലും ചർച്ച് ഓഫ് ഗോഡിന്റെ പ്രധാന ശിൽപികളിലൊരാളായി. വലിയ ഉൾക്കാഴ്ചയോടെയും പ്രതീക്ഷയോടെയും ദൈവസഭയുടെ വളർച്ചയും വികസനവും സ്വപ്നം കണ്ട അദ്ദേഹം പുതിയ ചിന്തകളും പുതിയ വീക്ഷണങ്ങളും മനസിലാക്കുന്നതിന് ആശയ സമ്പർക്കം നടത്തിയിരുന്നു. ദൈവസഭയുടെ യുവാക്കളെ മുഖ്യാധാരയിലേക്ക് കൊണ്ടു വരുവാൻ അദ്ദേഹം സണ്ടേസ്കൂളിനേയും, വൈപിഇയേയും രണ്ടായി വിഭജിച്ച് വൈപിഇക്ക് സെക്രട്ടറി എന്ന പദവി സൃഷ്ടിച്ചത് ആദ്ദേഹമാണ്. ദൈവസഭയിലെ വിശ്വാസി മക്കളെ അങ്ങേയറ്റം സ്നേഹിക്കുകയും ബിലിവേഴ്സ് ഫോറം രൂപികരിക്കുകയും ചെയ്തു. വളരുന്ന ഒരു ദൈവസഭയ്ക്ക് ശക്തമായ അടിത്തറ ഉണ്ടാക്കാൻ മികവുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ വേണമെന്ന ആഗ്രഹമാണ് ഇൻഡ്യാ ചർച്ച് ഓഫ് ഗോഡ് തിയോളജിക്കൽ സെമിനാരി. അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ എന്നും ശ്ലാഘിക്കപ്പെടും. ദൈവസഭയിലെ വിശ്വാസി സമൂഹത്തിന്റെ ദുഃഖവും പ്രത്യാശയും അറിയിക്കുന്നു.

**ബ്രദർ ജോസഫ് മറ്റത്തുകാല**
*സെക്രട്ടറി ബിലിവേഴ്സ് ബോർഡ്*



ക്രിസ്തുവിൽ ഞാൻ വളരെ സ്നേഹിക്കുന്ന കർത്താവിന്റെ ദാസൻ പാസ്റ്റർ പി എ വി സാം സാറിനെ ഓർക്കുമ്പോൾ എന്റെ അദ്ധ്യാപകൻ, ഓവർസീയർ, എന്നെ സുവിശേഷപ്രേവർത്തനത്തിനായി പ്രാർത്ഥിച്ച് അയച്ച കർത്തൃദാസൻ മാത്രമല്ല അദ്ദേഹത്തിന്റെ കൂടെ പല സ്ഥലങ്ങളിൽ ബെദേസ്ഥ ക്രൂസെഡുമായി ബന്ധപ്പെട്ട് പോകുവാൻ ഇടായിട്ടുണ്ട്. പ്രിയ സാറിന്റെ വേർപാടിൽ വളരെ ദുഃഖം ഉണ്ട് എങ്കിലും ഉയിർപ്പിന്റെ പൊൻപുലരിയിൽ വീണ്ടും കാണാം എന്നുള്ള പ്രത്യാശയോടെ ഞാനും എന്റെ കുടുംബവും കുമ്പനാട് ദൈവസഭയും കുമ്പനാട് സെന്ററും ചർച്ച് ഗ്രോത്ത് ഡിപ്പാർട്മെന്റും പങ്കുചേരുന്നു.

**പാസ്റ്റർ വൈ ജോസ്**
*ഡയറക്ടർ ചർച്ച് ഗ്രോത്ത് മിഷൻ*



പെന്തക്കോസ്ത് സമൂഹത്തിലും പൊതു ലോകത്തിലും ദൈവസഭയ്ക്ക് തലയുയർത്തി നിലയുയർത്തുവാൻ ദൈവകൃപയിലാശ്രയിച്ച് കഠിനാദ്ധ്വാനം ചെയ്ത ദൈവമനുഷ്യൻ. അഭിഷിക്ത ശുശ്രൂഷ കൊണ്ടും നേതൃപാടവും കൊണ്ടും എന്നും എപ്പോഴും സ്മരിക്കത്തക്കവിധം ചരിത്ര വഴികളിൽ തിളക്കമാർന്ന അദ്ധ്യായങ്ങൾ രചിക്കുവാൻ കർതൃകരങ്ങളിൽ പ്രയോജനപ്പെട്ട നേതാവ് പാസ്റ്റർ പിഎവി സാം. ഭക്തന്മാർക്ക് മരണം ലാഭകരമാണ്; മരണത്തോടെ ദൈവപുത്രന്റെ സാന്നിദ്ധ്യത്തിൽ ആയിരിക്കുവാൻ വിശ്വാസികൾക്ക് കഴിയും(ഫിലി 1:21) എങ്കിലും വേർപാട് ദുഃഖകരമാണ്. ബഹുമാന്യ ദൈവഭൃത്യന്റെ വിയോഗ ദുഃഖത്തിൽ പങ്കുചേർന്നു കൊണ്ട് ഏവർക്കും ക്രിസ്തീയ പ്രത്യാശ പകർന്നു നൽകുന്നതിന് സർവ്വശക്തൻ കൃപ ചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**പാസ്റ്റർ റ്റി.എ ജോർജ്**
*ഡയറക്ടർ ഇവാഞ്ചലിസം ബോർഡ്*



ചർച്ച് ഓഫ് ഗോഡിന്റെ ആധുനിക ശില്പി എന്ന അപരനാമത്തിൽ അറിയപ്പെട്ടിരുന്ന പാസ്റ്റർ പി വി സാം ദൈവ സഭയെ വളർച്ചയിൽ നിന്ന് വളർച്ചയിലെക്ക് നയിച്ച ഒരു ഭരണകർത്താവായിരുന്നു. എന്റെ വ്യക്തിപരമായ അനുഭവത്തിൽ വളരെ ബഹുമാനത്തോടും സ്നേഹത്തോടും നോക്കിക്കാണുന്ന ഒരു കർത്തൃദാസനാണ് പി എ വി സാം സർ. സാം സാർ ഓവർസിയർ ചുമതലയേറ്റതിനുശേഷം അതുവരെ ഒരു ഡിപ്പാർട്ട്മെന്റായിരുന്നു വൈപിഇയേയും സണ്ടേസ്കൂളിനേയും വിഭജിച്ച് രണ്ട് പേരെ നേതൃത്വത്തിലേക്ക് കൊണ്ട് വന്നു. അത് വളരെ വലിയ അളവിൽ സഭയുടെയും യുവതലമുറയുടെയും വളർച്ചയ്ക്ക് പ്രയോജനപ്പെട്ടു. യൂത്ത് ഡിപ്പാർട്ട്മെന്റിലൂടെ യുവതലമുറയെ ശുശ്രൂഷയിലും നേതൃത്വ നിരയിലേക്ക് വളർത്തിയെടുക്കുവാൻ ഉത്സാഹം കാണിച്ച നേതാവാണ് പ്രിയ സാം സാർ. അദ്ദേഹത്തെ ഒരു പിതാവിനു തുല്യം സ്നേഹിക്കുവാനും അദ്ദേഹത്തിന്റെ കീഴിൽ ദൈവവചനം പഠിക്കുവാനും എനിക്ക് കഴിഞ്ഞു. സുവിശേഷ വേലയിലേക്ക് എന്നെ പ്രാർത്ഥിച്ച അയച്ച സാറിനെ മറക്കാനാവില്ല. സാറിന്റെ അന്നത്തെ പ്രാർത്ഥനയായിരുന്നു എന്നെ ശുശ്രൂഷയിലേക്ക് ഉയർത്തുവാനൻ കാരണമായത്. സാറിന്റെ ദേഹ വിയോഗത്തിൽ കേരള സ്റ്റേറ്റ് വൈപി ഇയുടെ എല്ലാവിധമായ ദുഃഖവും പ്രത്യാശയും കുടുംബങ്ങൾക്ക് അർപ്പിക്കുന്നു.

**പാസ്റ്റർ പി എ ജെറാൾഡ്**
*(വൈ പി ഇ പ്രസിഡൻറ്)*




എന്റെ ബാല്യകാലത്ത്, പിതാവ് മഴുക്കീർ സഭയിൽ ശ്രുശ്രൂഷകനായിരിക്കുമ്പോൾ അവിടെ കൂടെക്കൂടെ ശുശ്രൂഷക്കായ് വന്നിരുന്ന സുമുഖനും ഗാംഭീരഭാവവുമുള്ള സാം സാർ എന്റെ ഉള്ളിൽ പതിഞ്ഞിരുന്നു. പിന്നീട് അദ്ദേഹത്തിന്റെ പല ബെദേസ്ഥാ ക്രൂസേഡുകളിൽ സംബന്ധിച്ചപ്പോൾ അദ്ദേഹത്തോടുള്ള മതിപ്പ് എന്നിൽ വർദ്ധിച്ചു. 1988 ൽ പാസ്റ്റർ പി. എ. വി. സാം കേരളാ സ്റ്റേറ്റ് ഓവർസിയറായി വന്ന സമയം മുതൽ വളരെയധികം അടുത്ത് പ്രവർത്തിപ്പാൻ കഴിഞ്ഞത് ഒരിക്കലും എനിക്ക് മറക്കുവാൻ കഴിയുന്നതല്ല. ഞാൻ ശുശ്രൂഷയിൽ ഇത്രത്തോളം ഉയരുവാൻ ഇടയായതിൽ അദ്ദേഹത്തിന്റെ പങ്ക് വളരെ വലുതാണ്. ഞാനും അദ്ദേഹവും തമ്മിലുണ്ടായിരുന്ന സ്നേഹം ആത്മാർത്ഥമായിരുന്നു. കൂട്ടുപ്രവർത്തകരെ അംഗീകരിക്കുന്ന, ബുദ്ധിമുട്ടുന്നവരെ കരുതുന്ന, നല്ല ഒരു ഭരണകർത്താവായിരുന്നു പാസ്റ്റർ പി. എ. വി സാം. സ്റ്റേജ് അറിഞ്ഞ്, ശ്രോതാക്കളെക്കുറിച്ച് മുൻകൂട്ടിയറിഞ്ഞ് ദൂത് ഒരുക്കി ശുശ്രൂഷിക്കുന്നതിൽ അദ്ദേഹം എന്നും ശ്രദ്ധിക്കുമായിരുന്നു. ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിന്റെ ബഹുമുഖ വളർച്ചയ്ക്ക് കർത്താവ് ശക്തമായി ഉപയോഗിച്ച അനുഗ്രഹീത കർത്തൃദാസന്റെ ദേഹവിയോഗത്തിൽ എന്റേയും സണ്ടേസ്കൂൾ ഡിപ്പാർട്ടുമെന്റിന്റേയും ദു:ഖവും തേജസ്സിന്റെ പൊൻപുലരിയിൽ വീണ്ടും കാണാമെന്ന പ്രത്യാശയും പങ്കുവെയ്ക്കുന്നു.

**പാസ്റ്റർ ജെ. ജോസഫ്**
*സണ്ടേസ്കൂൾ പ്രസിഡണ്ട്*



**1988** മുതൽ ഒരു വ്യാഴവട്ടം ദൈവസഭയുടെ അമരക്കാരനും സഹോദര സഭകൾക്ക് അനുകരിക്കാവുന്ന വിധത്തിൽ സഭയെ വളർത്തിയ ദീക്ഷണശാലിയും ആയിരുന്ന പ്രിയ സാം സാർ, അദ്ദേഹത്തിന്റെ ഭരണ നൈപുണ്യവും, ആത്മനിറവിലുള്ള ശുശ്രൂഷയും, പ്രാർത്ഥനാ ജീവിതവും, എക്കാലത്തും നമുക്ക് അനുകരണീയമാണ്. ഞങ്ങളുടെ അധ്യാപകനായിരുന്ന സാം സാറിന്റെ ദാർശനികതയുടെ മുമ്പിൽ ഹോം മിഷൻ ഡിപ്പാർട്ട്മെന്റും ആ ദർശന സാക്ഷാത്കാരത്തിനായി പ്രതിജ്ഞാബദ്ധമാണെന്ന് അറിയിച്ചുകൊണ്ട് ഞങ്ങളും ദുഃഖത്തിൽ പങ്കുചേരുന്നു.

**പാസ്റ്റർ വൈ. മോനി**
*ഡയറക്ടർ ഹോംമിഷൻ ഡിപ്പാർട്ട്മെന്റ്*





Rev. PAV Samuel, the former overseer of the Church of God and former west Asian superintendent of the church of God world missions was a dynamic servant of God. He was used by God as a vibrant evangelist all over India and all over the world. His term of leadership in Kerala State was marked by a fervour and fire of evangelism spreading all over Kerala. He was Farsighted in seeing the needs of the church. His anointment was note worthy. He fought a good fight and finished his course and kept the faith our God. The rightous judge will give him a crown of rightousness on that day when we all gather on the other shore. I convey my condolences to the breaved family and the living hope we have In Christ.

**Pastor K. C John**
*Former National Representative*



ഈ കാലഘട്ടത്തിൽ ദൈവം ശക്തമായി ഉപയോഗിച്ചു കൊണ്ടിരുന്ന ഒരു ദൈവദാസനായിരുന്ന പാസ്റ്റർ പിഎവി സാം. അദ്ദേഹം ദൈവസഭാ കേരളാ സ്റ്റേറ്റിന് നല്കിയിട്ടുള്ള സംഭാവനകൾ പ്രശംസനീയമാണ്. പ്രാർത്ഥനാ വീരൻ, പ്രഭാഷകൻ, ഭരണാധികാരി, സംഘാടകൻ എന്നി നിലകളിലും ശോഭിച്ചിരുന്നു. പ്രതിസന്ധികളിൽ തളരാതെ പ്രാർത്ഥനയിൽ പോരാടി വിജയിച്ച ജയാളിയാണ് റവ.സാം. അദ്ദേഹത്തിന്റെ ദേഹവിയോഗം ദൈവസഭയ്ക്ക് വലിയ നഷ്ടം തന്നെയാണ്.

**പാസ്റ്റർ കെ.എം തങ്കച്ചൻ** *മുൻ സെൻട്രൽ, നോർത്തേൺ, ഈസ്റ്റേൺ റീജിയൻ ഓവർസിയർ*

## സാം സാർ പകരക്കാരനില്ലാത്ത അമരക്കാരൻ



**ലോ**ക പ്രസിദ്ധ ഉണർവ്വ് സുവിശേഷകനും ചർച്ച് ഓഫ് ഗോഡ് മലയാള നാടിന്റെ ഒരു വ്യാഴവട്ട കാല ഓവർസിയറും വേൾഡ് മിഷന്റെ വെസ്റ്റ് ഏഷ്യ സുപ്രണ്ടുമായിരുന്നു യശഃശീരനായ പാസ്റ്റർ പിഎവി ശാമുവേൽ. ഭക്തശിരോമണികളായിരുന്ന അതിശയം അന്നമ്മ ദമ്പതികൾ പൂവത്തൂർ ഉണർവ്വിന്റെ തീനാളങ്ങളായിരിക്കുന്ന നാളിൽ സീമന്ത പുത്രനായ സാം ജനിച്ചു. ബിരുദധാരിയും ഒരു മെഡിക്കൽ വിതരണ മേഘലയിലെ ഉന്നതാധികാരിയുമായിരിക്കുമ്പോൾ തന്നെ ദൈവസഭയുടെ പല വിശിഷ്ട പദവികളും അലങ്കരിച്ചിരുന്നു.

1969–71 കാലയളവിൽ മുളക്കുഴയിൽ എന്റെ അദ്ധ്യാപകനായിരുന്നതു മുതൽ ഒരു നിഴൽ പോലെ തന്നോടൊപ്പം അര നൂറ്റാണ്ട് പിന്നിടുവാൻ ദൈവം ഭാഗ്യം ഒരുക്കി. മുഖ്യധാര പെന്തക്കോസ്ത് സമൂഹത്തിൽ പ്രസ്ഥാനത്തിന്റെ യശസ്സുയർത്തുവാൻ അദ്ദേഹം സഹിച്ച ത്യാഗം ചില്ലറയല്ല. മദ്ധ്യ തിരുവിതാംകൂറിന്റെ തലസ്ഥാന നഗരിയായ തിരുവല്ലയുടെ രാജവിഥിക്കരികിൽ കൺവൻഷൻ സ്റ്റേഡിയം, വേദവിദ്യാർത്ഥികൾക്കായി ആംഗലേയ വിഭാഗം, ഓട് മേൽക്കൂരകൾക്ക് പകരം കോൺക്രീറ്റ് സൗധങ്ങൾ, സിറ്റി മിഷൻ എന്ന നാമധേയത്തിൽ കേരളത്തിനകത്തും പുറത്തും സ്ഥാപിതമായ പട്ടണ സഭകൾ, പരിമിതിയൽ നിന്ന് വിപുലതയിലേക്കുള്ള സഭാ വളർച്ച. കടുത്ത സാമ്പത്തീക പ്രതിസന്ധികളും, വിഭാഗിക വെല്ലുവിളികളും അതിജീവിച്ച് തന്റെ ശുശ്രൂഷ കാലയളവിൽ ഉന്നതിയുടെ പടവുകൾ കയറി. വേൾഡ് പെന്തക്കോസ്തൽ ചർച്ച് ഹിസ്റ്ററിയിൽ പാശ്ചാത്യ എഴുത്തുകാർ പോലും പാസ്റ്റർ പിഎവി സാമിനെ ചർച്ച് ഗ്രോത്ത് ലീഡർ എന്നാണ് നാമകരണം ചെയ്തിരിക്കുന്നത്. ഞങ്ങൾ ഫലപ്രദമായ സഭാ ശുശ്രൂഷകൾ ചെയ്തു വരുമളവിൽ അതിൽ നിന്ന് നിർബന്ധ പൂർവ്വം പിൻതിരിപ്പിച്ച് വേദവിദ്യാലയത്തിന്റെ ചുമതല പങ്കു വെയ്പ്പിച്ചത് ആദ്യം സന്തോഷപ്രദമല്ലായിരുന്നു. ഞങ്ങൾ അലങ്കരിച്ച സ്ഥാനമാനങ്ങൾക്കെല്ലാം അതായിരുന്നു. തുടക്കം കുറിച്ചത്.

കൃപാവര പ്രാപ്തൻ, ദാനശീലൻ, ഗ്രന്ഥകർത്താവ്, പ്രാർത്ഥനാ വീരൻ, ഉണർവ്വ് പ്രസംഗകൻ, നല്ല അദ്ധ്യാപകൻ എന്നീ അത്യപൂർവ്വ താലന്തുകളുടെ ഉടമസ്ഥനായിരുന്നു സാം സാർ. ഒട്ടനവധി നേട്ടങ്ങളുടെ ഉടമയും ചർച്ച് ഓഫ് ഗോഡിന്റെ ദേശിയാന്തർദേശിയ നേതൃത്വങ്ങളിൽ അഗ്രഗണ്യനുമായിരുന്ന സാം സാർ ഓട്ടം തികച്ച് അക്കരയെത്തി. സന്തപ്ത കുടുംബാഗംങ്ങളായ ഏലിയാമ്മ റോയിമോൻ കുടുംബം റെനിമോൾ കുടുംബം ദൈവം നിങ്ങളെ ആശ്വസിപ്പിക്കട്ടെ. എന്നാൽ ബുദ്ധിമാൻമാർ ആകാശ മണ്ഡലത്തിന്റെ പ്രഭ പോലെയും പലരേയും നീതിയിലേക്ക് തിരിക്കുന്നവർ നക്ഷത്രങ്ങളേപ്പോലെയും എന്നും എന്നേക്കും പ്രകാശിക്കും (ദാനിയേൽ 12:3).

**പാസ്റ്റർ പി.ജെ ജയിംസ്**
*ചർച്ച് ഓഫ് കേരളാ സ്റ്റേറ്റ് മുൻ ഓവർസിയർ*



സുവിശേഷഘോഷണാർത്ഥം കേരളത്തിൽ എത്തിച്ചേർന്ന പാണ്ഡ്യ രാജവംശജനായ എആർടി അതിശയത്തിന്റെയും അന്നമ്മ അതിശത്തിന്റെയും മകനാണ് എന്റെ ഗുരുനാഥനായ പാസ്റ്റർ പിഎവി സാം. കുക്ക് സായ്പ്പിനോടൊപ്പം സുവിശേഷ ഘോഷണത്തിൽ സാം സാറിന്റെ മാതാവ് അന്നമ്മ അതിശയവും പങ്കാളിയായിരുന്നു. സാം സാറിനെ കുറിച്ച് മാതാവ് അന്നമ്മ അതിശയം പറഞ്ഞത്. സാം സാർ ജനനത്തിങ്കൽ തന്നെ ദീവ്യ സുന്ദരനായിരുന്നു എന്നാണ്. ചെറുപ്പത്തിൽ തന്നെ സുവിശേഷ വേലയ്ക്കായി സമർപ്പിക്കപ്പെട്ട അദ്ദേഹം വളരെ ചിട്ടയോടും ദൈവഭക്തിയിലുമാണ് വളർന്ന് മുതിർന്നത്. പഠനാനന്തരം സീബാ കമ്പനിയുടെ മാനേജരായി ജോലി നോക്കുമ്പോഴും സുവിശേഷ വേലയിൽ വ്യാപൃതനായിരുന്നു അദ്ദേഹം, നല്ലൊരു കൺവൻഷൻ പ്രസംഗകനായി പ്രശോഭിക്കപ്പെട്ടു. 1965–66 കാലഘട്ടങ്ങളിൽ എന്റെ സ്വദേശമായ വാളകത്ത് കൺവൻഷനുകളിൽ പ്രസംഗിക്കുവാൻ അദ്ദേഹം എത്തിച്ചേരുമായിരുന്നു. ഒരു ദൈവദൂതൻ വരുന്ന പ്രതീതിയായിരുന്ന ജനത്തിന് അനുഭപ്പെട്ടിരുന്നത്. 1968–ലാണ് അദ്ദേഹം ദൈവസഭയുടെ ഫീൽഡ് സെക്രട്ടറിയായി നീയമിതനാകുന്നത്. 1970–തിലാണ് ഞാൻ മുളക്കുഴ മൗണ്ട് സയോൺ ബൈബിൾ സെമിനാരിയിൽ പഠനത്തിനായി വരുന്നത്, അന്ന് അദ്ദേഹം എന്റെ അദ്ധ്യാപകനായിരുന്നു. സുവിശേ ഘോഷണത്തിനായി അദ്ദേഹം രൂപികരിച്ച ബദേസ്ഥാ ക്രൂസേഡിൽ ഞാനും ഒരു അംഗമായിരുന്നു. രഹസ്യ പ്രാർത്ഥനയിൽ വളരെയധികം സമയം ചിലവഴിക്കുമായിരുന്ന അദ്ദേഹം, ഒരു ചെറിയ കുട്ടിയെപ്പോലെ ദൈവസന്നിധിയിൽ ഏങ്ങലടിച്ച് കരഞ്ഞായിരുന്നു അദ്ദേഹത്തിന്റെ പ്രാർത്ഥന. പ്രാർത്ഥന കഴിഞ്ഞ് പോകുമ്പോൾ അദ്ദേഹം ഇരുന്ന സ്ഥലം കണ്ണുനീരിനാൽ കുതിർന്ന് കിടക്കുന്നത് കാണാമായിരുന്നു. അതായിരുന്നു അദ്ദേഹത്തിന്റെ ശുശ്രൂഷയുടെ വിജയത്തിന്റെ കാരണവും.

ശുശ്രൂഷകൾക്കായി ലോകത്തിലെ അനേകം രാജ്യങ്ങൾ അദ്ദേഹം സന്ദർശിച്ചിട്ടുണ്ട്. ഇവാഞ്ചലിസം ഡയറക്ടറായി അദ്ദേഹം പ്രവർത്തിച്ചു. ബദേസ്ഥ വോയ്സ് എന്ന പേരിൽ ഒരു മാസിക അദ്ദേഹം പ്രസിദ്ധീകരിച്ചിരുന്നു. അടുരിൽ പെൺകുട്ടികൾക്കായി പെനിയേൽ ബൈബിൾ കോളേജ് ആരംഭിച്ചു. ഞാനും അവിടെ ഒരു അദ്ധ്യാപകനായിരുന്നു. 1988–ൽ ഞാൻ തിരുവല്ല ടൗൺ ചർച്ചിന്റെ പാസ്റ്ററായിരുക്കുമ്പോഴാണ് സാം സാർ ഓവർസിയറായത്. ആ സമയത്ത് സവിശേഷമായ ഒരു സാഹചര്യം നിമിത്തം തിരുവല്ല മുൻസിപ്പിൽ സ്റ്റേഡിയം ജനറൽ കൺവൻഷൻ നടത്താൻ ലഭിക്കാതെ വരുകയും, ആ വർഷം തന്നെ രാമൻച്ചിറയിൽ വളരെ ബുദ്ധിമുട്ടി കൺവൻഷൻ സ്റ്റേഡിയം വാങ്ങുവാൻ സാധിച്ചു. അതിനെല്ലാം സാം സാറിനോട് ഒത്തുച്ചേർന്ന് നില്ക്കുവാൻ ദൈവം എന്നെ സഹായിച്ചു. മുളക്കുഴയിലെ ബൈബിൾ സ്കൂൾ കെട്ടിടത്തിൽ റ്റി.എം വർഗീസ് മെമ്മോറിയൽ ഹാൾ പണിതത് സാം സാറാണ്. അങ്ങനെ സഭയുടെ മുഖച്ഛായ മാറ്റുന്നതിൽ ബഹുമുഖമായ പ്രവർത്തനത്തിൽ അദ്ദേഹം പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ മകന്റെ മരണം ഉൾപ്പടെ നേരിട്ട എല്ലാ പ്രതിസന്ധിയിലും അദ്ദേഹം ഉറച്ചു നിന്നും സധൈര്യം അതിനെ നേരിട്ടു. ദൈവസഭയുടെ കേരളത്തിലെ വളർച്ചയെ മാനിച്ചാണ് അതിനു മുന്നമെ ഒരു മലയാളിയും എത്തിച്ചേരാത്ത വെസ്റ്റ് ഏഷ്യൻ സുപ്രണ്ട് എന്ന പദവി നല്കി കൊടുത്ത് വേൾഡ് മിഷൻ അദ്ദേഹത്തെ മാനിച്ചത്. ലോകത്തിൽ നിന്ന് നമ്മെ വിട്ട് കടന്നു പോയെങ്കിലും ജനമനസ്സുകളിൽ അദ്ദേഹം ജീവിക്കുന്നു. ഉയർപ്പിന്റെ പൊൻപുലരിയിൽ നവ്യമായ ശരീരത്തോടെ അദ്ദേഹത്തെ വീണ്ടും നമുക്ക കാണാം. സന്തപ്തരായിരുക്കുന്ന ഏലിയാമ്മാമ്മ, റോയി ശാമുവേൽ, റെനി തുടങ്ങി എല്ലാവരേയും കർത്താവ് ആശ്വസിപ്പിക്കട്ടെ. ചർച്ച് ഓഫ് ഗോഡ് കർണാടക സ്റ്റേറ്റിന്റെ ദുഃഖവും പ്രത്യാശയും അറിയിക്കുന്നു.

**പാസ്റ്റർ എം. കുഞ്ഞപ്പി**
*ഓവർസിയർ കർണാടക സ്റ്റേറ്റ്*



വ്യക്തിത്വം, ശുശ്രൂഷ, ലക്ഷ്യബോധം, വിശ്വാസത്തിന്റെ പ്രഖ്യാപനം, ഏവരുടെയും പ്രീതി പിടിച്ച് പറ്റുന്ന ജീവിത ശൈലികൊണ്ടും, താഴ്ന്നവനേയും, ഉയർന്നവനേയും ഒരു പോലെ സ്നേഹിച്ച്, സഹശുശ്രൂഷകന്മാരുടെയും, ദൈവസഭയുടെയും ഉയർച്ചക്കും ഉന്നതിക്കും വേണ്ടി അഹോരാത്രം അദ്ധ്വാനിച്ച സാം സാർ പ്രതിഫലം വാങ്ങുന്നതിനായി സ്വർഗ്ഗീയ നിത്യതയിലേക്ക് കടന്നു പോയി. തന്റെ ശുശ്രൂഷയിൽ പലർക്കും ചെന്നെത്തുവാൻ കഴിയാത്ത മണ്ഡലങ്ങളിൽ എത്തിച്ചേർന്നു. ദൈവസഭയ്ക്ക് ഒരിക്കലും മറക്കുവാൻ കഴിയാത്ത സംഭാവനകൾ നല്കി. സഭയെ ആത്മീയ വിഷയത്തിൽ സമ്പന്നതയാക്കുവാൻ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി. സഭയുടെ യശ്ശസ് ഉയർത്തുവാൻ സാറിനെ ദൈവം ഉപയോഗിച്ചു. എനിക്കും സറിനോടൊപ്പം 17 വർഷങ്ങൾ പ്രവർത്തിക്കുവാൻ ദൈവം സഹായിച്ചു. എല്ലാവിധമായ ദുഃഖവും പ്രത്യാശയും അറിയിക്കുന്നു.

**പാസ്റ്റർ ഈപ്പൻ ചെറിയാൻ**



*അടൂർ പെനിയേൽ ലേഡീസ് ബൈബിൾ കോളജ് ഗ്രാജുവേഷൻ (1980)*







*Compiled, Prepared and Edited By*
**പാസ്റ്റർ ഷൈജു തോമസ്**
**9447313709**
**pastorshaijuthomas@gmail.com**





ഞാൻ മണക്കാല ഫെയിത്ത് തിയോളജിക്കൽ സെമിനാരിയിൽ പഠിച്ചു കൊണ്ടിരിക്കും കാലയളവിലാണ് പി.എ. വി. സാം സാർ ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റിന്റെ ഓവർസിയർ ആയി ചുമതല ഏറ്റെടുത്തത്. പഠനം കഴിഞ്ഞ് വന്നപ്പോൾ എന്നെ വ്യക്തിപരമായി ശുശ്രൂഷയുടെ വിവിധ നിലവാരത്തിലേക്ക് കൈ പിടിച്ച് ഉയർത്തിയത് നന്ദിയോടെ സമരിക്കുന്നു. ഞങ്ങളുടെ വിവാഹവും സാർ ആണ് നടത്തിയത്. ഈത്തരുണത്തിൽ ചർച്ച് ഓഫ് ഗോഡ് കേരള സ്റ്റേറ്റ് യുപിജി ഡിപ്പാർട്ട്മെന്റിന്റെ എല്ലാ വിധ ദുഃഖവും പ്രത്യാശയും രേഖപ്പെടുത്തുന്നു.

**പാസ്റ്റർ വിനോദ് ജേക്കബ്**
*ഡയറക്ടർ യുപിജി ഡിപ്പാർട്ട്മെന്റ്*

## വിനയത്തിന്റെ ആൾരൂപം



സാം സാറിനെ അനുസ്മരിക്കുമ്പോൾ ഓർമ്മ വരിക ഒരിക്കൽ പരിചയപ്പെട്ടാൽ മറക്കാൻ കഴിയാത്ത ആ വ്യക്തിത്വമായിട്ടാണ്. ഔദ്യോഗികമായ സേവനമുഖം എന്നതിനപ്പുറം സ്നേഹത്തിന്റെയും കരുണയുടെയും പ്രതീകമായാണ് അദ്ദേഹത്തോട് ഇടപെടുമ്പോൾ അനുഭപ്പെടാറുള്ളത്. ദൈവസഭയുടെ ബഹുമുഖമായ പ്രവർത്തന മേഖലകളിൽ തനതായ വ്യക്തിമുദ്ര പതിപ്പിക്കുവാൻ സാം സാറിന് കഴിഞ്ഞു എന്നത് എടുത്ത് പറയേണ്ട ഒരു വസ്തുതയാണ്. ഒരു മലയാളിക്ക് എത്തിച്ചേരുവാൻ കഴിയുന്ന എല്ലാ പദവികളും അദ്ദേഹം എത്തിച്ചേർന്നു. അദ്ദേഹത്തിന്റെ വിയോഗത്തിൽ ദുഃഖിതരായിരുക്കുന്ന കുടുംബാങ്ങളെ സർവ്വകൃപാലുവായ ദൈവം ആശ്വസിപ്പിക്കട്ടെ. ക്രെഡൻഷ്യൽ ബോർഡിന്റെ ദുഃഖവും പ്രത്യാശയും അറിയിക്കുന്നു.

**പാസ്റ്റർ ക്രിസ്റ്റഫർ.റ്റി രാജു**
*ഡയറക്ടർ ക്രെഡൻഷ്യൽ ബോർഡ്*



ദൈവസഭയെ നയിക്കാൻ ദൈവത്താൽ തിരെഞ്ഞടുക്കപ്പെട്ട ദൈവഭൃത്യനായിരുന്നു പാസ്റ്റർ പി.എ വി സാം: 1988–ൽ ഓവർസീയർ ആയി മുളക്കുഴയിൽ ചാർജ് എടുക്കുന്ന സമയം ഓഫീസിൽ ക്രമീകരണങ്ങൾ ചെയത് കസേരയിൽ ടർക്കി വിരിച്ച് കൊടുക്കവാനും മുളക്കുഴയിലെ എല്ലാ താക്കോലും എന്റെ കൈവശമായിരുന്നു അന്ന് അത് അദ്ദേഹത്തെ ഏൽപിക്കുവാനും എനിക്കും പാസ്റ്റർ ശാമുവേൽ മത്തായിക്കും സാധിച്ചു. അദ്ദേഹത്തിന്റെ കാലത്താണ് എനിക്ക് ഓർഡിനേഷൻ ലഭിക്കുന്നത്.അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ പല പ്രശ്നങ്ങൾ ഉടലെടുത്തെങ്കിലും ദൈവ സഭക്ക് മറക്കാനാകത്ത സംഭാവനകൾ ഉള്ളത് പ്രസ്തുത കാലത്താണ്. ദൈവസഭ പ്രയർ ബോർഡിന്റയും എന്റെയും ആദരാഞ്ജലികളും പ്രത്യാശയും നേർന്ന് കൊള്ളുന്നു.

**പാസ്റ്റർ സജി ജോർജ്**
*ഡയറക്ടർ പ്രയർ ബോർഡ്*

## സഭയ്ക്ക് ദിശാബോധം നല്കിയ ഭരണതന്ത്രജ്ഞൻ



സഭാ വളർച്ചയും പശ്ചാത്തല വികസനവും സമന്വയിപ്പിച്ചു കൊണ്ട് ദൈവസഭയ്ക്ക് പുത്തൻ ദിശാബോധം നല്കിയ ക്രാന്തദർശിയായ ഭരണതന്ത്രജ്ഞനായിരുന്നു പാസ്റ്റർ പിഎവി സാം. ശുശ്രൂഷകന്മാരിൽ പ്രഫഷണലിസവും പ്രസ്ഥാനത്തിന് കേഡർ സ്വഭാവും കൈവരിക്കുന്നതിൽ അദ്ദേഹം ചെയ്ത സംഭാവന വലുതാണ്. ദൈവസഭയുടെ യശസ്സ് ദേശീയ തലത്തിൽ ഉയർത്തിപ്പിടിക്കുന്നതിൽ മുഖ്യ പങ്കുവഹിച്ച പാസ്റ്റർ പിഎവി സാമിന്റെ നിര്യാണം കനത്ത നഷ്ടമാണ്. അദ്ദേഹത്തിന്റെ സംഭവാനകൾ എന്നും സ്മരിക്കപ്പെടും.

**പാസ്റ്റർ ജെയ്സ് പാണ്ടനാട്**
*ഡയറക്ടർ അപ്പോളജറ്റക്സ് ഡിപ്പാർട്ട്മെന്റ്*

## പാസ്റ്റർ പി എ വി സാമുവേൽ മറക്കാനാവാത്ത വ്യക്തിത്വം



ദൈവസഭയുടെ ചരിത്രത്താളുകളിൽ വ്യക്തിമുദ്ര പതിപ്പിച്ച പാസ്റ്റർ പി എ വി സാമുവേലുമായി ആഴമേറിയ ആത്മബന്ധം പുലർത്താൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. സാംകുട്ടി സാർ എന്ന് സ്നേഹത്തോടെ വിളിച്ചിരുന്ന അദ്ദേഹവുമായുള്ള ബന്ധം ആരംഭിക്കുന്നത് 1986ൽ കൂത്താട്ടുകുളം സഭയുടെ ശുശ്രൂഷകനായി ഞാൻ ചാർജ്ജെടുത്ത കാലം മുതലാണ്. എന്റെ ശുശ്രൂഷകൾക്ക് അദ്ദേഹം ഏറെ പ്രോത്സാഹനവും പിന്തുണയും നൽകിയത് വിസ്മരിക്കാനാവാത്തതാണ്. 1987ൽ സാം സാർ ഏറണാകുളം ഡിസ്ട്രിക്ട് പാസ്റ്ററായി ചുമതല ഏറ്റെടുത്തതോടുകൂടി ഞങ്ങൾ തമ്മിലുള്ള ബന്ധം കൂടുതൽ ഊഷ്മളമായി. ഭാരത പെന്തെക്കോസ്തിന്റെ മുഖമായി ഉയർത്തിക്കാട്ടിയിരുന്ന അതുല്യ പ്രതിഭയായിരുന്നു പി എ വി സാം സാർ. അദ്ദേഹത്തിന്റെ വേർപാട് ഭാരത പെന്തെക്കോസ്ത് സമൂഹത്തിന് നികത്താനാവാത്ത വിടവാണ് സൃഷ്ടിച്ചിരിക്കുന്നത്. ദു:ഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളെ ദൈവം ആശ്വസിപ്പിക്കട്ടെ. ദൈവസഭയുടെ ഫീൽഡ് സെക്രട്ടറി എന്ന നിലയിലും തിരുവല്ല ഡിസ്ട്രിക്ടിലെ സഭകളുടെയും ശുശ്രൂഷകന്മാരുടെയും പേരിലും ദു:ഖവും പ്രത്യാശയും പങ്കുവയ്ക്കുന്നു. ഉയിർപ്പിൻ പൊൻപുലരിയിൽ കോടാനുകോടി വിശുദ്ധന്മാരോടൊപ്പം പ്രിയപ്പെട്ട സാം സാറിനെ വീണ്ടും കാണാം! പ്രത്യാശയോടെ വിട.

**പാസ്റ്റർ എം. ജോൺസൻ, അടൂർ**
*(ഫീൽഡ് സെക്രട്ടറി, കേരളാ സ്റ്റേറ്റ്)*

## മറക്കാനാവത്ത വ്യക്തിത്വം



ഇന്ത്യ പൂർണ സുവിശേഷ ദൈവസഭയുടെ ഓവർസീയറായി 12 വർഷം പ്രശംസനീയമായ നിലയിൽ പ്രവർത്തിച്ച ബഹുമാന്യ ദൈവദാസൻ പി. എ. വി. സാം സാറിന്റെ വേർപാടിൽ ദുഃഖത്തിൽ ആയിരിക്കുന്ന കുടുംബാംഗങ്ങളെയും, ദൈവജനത്തെയും ദൈവസഭയുടെ ലീഗൽ സെൽ ഡിപ്പാർട്മെന്റിന്റെ ദുഖവും പ്രത്യാശയും അറിയിക്കുന്നു. ആളുകളെ അടുത്തറിയുകയും സ്നേഹിക്കുകയും ആവശ്യങ്ങൾ അറിഞ്ഞു സഹായിക്കുകയും ചെയ്തിരുന്ന സാറിന്റെ തികഞ്ഞ ആത്മീയ വ്യക്തിത്വത്തെ ഈ സമയം ഓർക്കുന്നു, തന്റെ സമർപ്പണവും കഠിനപരിശ്രമവും നിമിത്തം ദൈവസഭക്കുണ്ടായിട്ടുള്ള വളർച്ചകളും എന്നും ഓർമ്മിക്കത്തക്കതാണ്.

**പാസ്റ്റർ ബേസിൽ തോമസ്**
*ഡയറക്ടർ ലീഗൽ സെൽ ഡിപ്പാർട്ട്മെന്റ്*



സീയോൻ ഗീതങ്ങൾ തപ്പും തമ്പുരുവും വീണയും വേണുനാദവും മീട്ടി നാലായിരം പേരെ ചേർത്ത് ഗായകസംഘം ഉണ്ടാക്കിയ അരചൻ ദാവീദിന്റെ പിൻഗാമികളായി ഇന്നും ദൈവത്മാവിൽ ദൈവത്തിന് സ്തോത്രം ചെയ്യുവാൻ ദൈവസഭയുടെ അരുമസന്താനങ്ങളായി നിന്ന് വേദികളിൽ നിന്നും വേദികളിലേക്ക് പാടി പാടി നടന്ന ഞങ്ങൾക്ക് പിഎവി സാം സാർ തന്ന കൈത്താങ്ങലുകൾ ഈ സമയം ഓർക്കുന്നു. നിത്യതയിൽ വിശ്രമിക്കുന്ന പിഎവിസാം സാറിന് ചർച്ച് ഓഫ് ഗോഡ് കേരളാ ഘടകം മ്യൂസിക് ഡിപ്പാർട്ട്മെന്റിന്റെ ആദരാഞ്ജലികൾ.

**പാസ്റ്റർ പി. എസ് രാജൻ**
*ഡയറക്ടർ മ്യൂസിക് ഡിപ്പാർട്ട്മെന്റ്*

## പിഎവി സാം സാറിനെ ഓർക്കുമ്പോൾ



ഒടുവിൽ പിഎവി സാം സാറും കൂടൊഴിഞ്ഞ് അദ്ദേഹം നിതൃത പൂകി. ഞാൻ വൈദികൻ ആയിരുന്നപ്പോൾ പെന്തെക്കോസ്ത് സഭാനേതാക്കന്മാരെക്കുറിച്ച് എനിക്ക് കൂടുതലായി ഒന്നും അറിയില്ലായിരുന്നു.എന്നാൽ 'പിഎവി സാം' എന്ന പരിൽ ഒരു പെന്തെക്കോസ്ത് സഭാനേതാവ് ഉണ്ടെന്ന് പത്രദ്വാരാ ഞാൻ വായിച്ചറിഞ്ഞിരുന്നു.പിഎവി സാം സാറിനെ ഞാൻ ആദ്യമായി കാണുന്നതും പരിചയപ്പെടുന്നതും 1992 ഒടുവിലാണ്. ഞങ്ങൾ വിശ്വാസജീവിതത്തിലേക്ക് കടന്നുവന്നപ്പോൾ മുതൽ അദ്ദേഹം മുൻകൈയെടുത്തു സ്ഥാപിച്ച മാമംഗലം ചർച്ച് ഓഫ് ഗോഡിലെ അംഗങ്ങളാണ്. ഒരു മുൻവൈദികൻ എന്ന ബഹുമാനം പരമാവധി എനിക്കു നൽകി എന്നെ പ്രോത്സാഹിപ്പിച്ച വ്യക്തിയായിരുന്നു പിഎവി സാം സാർ. അദ്ദേഹത്തിന്റെ നിരവധി ക്രൂസേഡുകളിൽ എന്നെ പ്രസംഗിപ്പിച്ചിരുന്നു. ഞാൻ സഭയിൽ അംഗമായ ഉടൻ അദ്ദേഹം എന്നെ മുളക്കുഴ ബൈബിൾ കോളജിൽ അദ്ധ്യാപകനായി നിയമിച്ചു. നിരവധി കൺവഷനുകളിൽ എന്നെ വിളിച്ചു പ്രസംഗിപ്പിക്കാൻ പാസ്റ്റേഴ്സിനെ ഉത്സാഹിപ്പിച്ചു.

അദ്ദേഹം ഓവർസിയറായിരുന്ന എല്ലാ വർഷങ്ങളിലും സ്റ്റേറ്റ് കൺവൻഷനിൽ പ്രസംഗിക്കുവാൻ എനിക്ക് അവസരം നൽകി. പിതൃസഹജമായ ഒരു വാത്സല്യം മരണംവരെയും അദ്ദേഹം എന്നോട് പുലർത്തിയിരുന്നു. ചർച്ച് ഓഫ് ഗോഡിന്റെ ഭൗതിക പുരോഗതിയിൽ അദ്ദേഹം വഹിച്ച പങ്ക് ഏവർക്കും അറിവുള്ളതാണ്.

സഭയുടെ പരമോന്നത സ്ഥാനങ്ങളിൽപ്പോലും മികച്ച ഉത്തരവാദിത്വങ്ങൾ നിർവഹിക്കാൻ അദ്ദേഹത്തിനു സാധിച്ചത് തന്റെ സംഘടനാമികവിന് ലഭിച്ച അംഗീകാരമാണ്. വേദികളിൽ തിളങ്ങി നിറഞ്ഞു നിൽക്കുന്ന ആകാര സൗഷ്ഠവവും ജനശ്രദ്ധ പിടിച്ചുപറ്റുന്ന ശബ്ദഗാംഭീര്യവും വൻ ജനാവലിയെപ്പോലും നിയന്ത്രിക്കുവാനുള്ള അപാര സിദ്ധിവിശേഷവും മറ്റുള്ള സഭാനേതാക്കളിൽ നിന്ന് അദ്ദേഹത്തെ ഏറെ വ്യത്യസ്തനാക്കി. ഏറ്റവും ഒടുവിൽ രോഗക്കിടക്കയിൽ അദ്ദേഹത്തെ സന്ദർശിച്ചപ്പോഴും പഴയ സ്നേഹം നിലനിർത്തിക്കൊണ്ടു തന്നെ അദ്ദേഹം പെരുമാറി. പെട്ടെന്നുള്ള അദ്ദേഹത്തിന്റെ വേർപാട് ഉള്ളിലെവിടെയോ നൊമ്പരമുണർത്തുന്നു. വേദികളിലൊക്കെയും പരമാവധി യേശുവിനെ ഉയർത്തിയ ശ്രേഷ്ഠ ദൈവദാസനെ യേശുകർത്താവ് തന്നെ തിരികെ വിളിച്ചു എന്ന് ആശ്വസിക്കുന്നു. ദൈവം ഏവരേയും ആശ്വസിപ്പിക്കട്ടെ.

**ജോർജ് മാത്യു പുതുപ്പള്ളി**
*ചീഫ് എഡിറ്റർ സുവിശേഷനാദം*



ചർച്ച് ഓഫ് കേരളാ സ്റ്റേറ്റിന്റെ ഓവർസിയറായി 12 വർഷത്തോളും സ്തുത്യർഹമായ സേവനം ചെയ്ത വ്യക്തിയായിരുന്നു പാസ്റ്റർ പിഎവി സാം. ദൈവസഭയുടെ സുവർണകാലഘട്ടം എന്ന് അതിനെ വിശേഷിപ്പിക്കുന്നതിൽ അതിശയോക്തിയില്ല. ദൈവസഭയുടെ വിവിധ പദവികൾ വഹിച്ച അദ്ദേഹം ഓവർസിയറാകുന്നതിന് മുന്നമെ സുവിശേഷനാദം മാസികയുടെ പത്രാധിപരായി സേവനം ചെയ്തു. സഭാ വളർച്ചയ്ക്കായി ആവശ്യമായ സാമ്പത്തീക നന്മകൾ കണ്ടെത്തി അത് വിനിയോഗിക്കുവാൻ ഉള്ള കഴിവ് എടുത്ത് പറയേണ്ടതാണ്. ഓട്ടം തികച്ച് അക്കരെനാട്ടിലേക്ക് കടന്നു പോയ സാം സാറിനെ നിത്യതയിൽ നമുക്ക് വീണ്ടും കാണാം എന്ന പ്രത്യാശയോടെ അദ്ദേഹത്തെ യാത്രയാക്കുന്നു. ലിറ്ററേച്ചർ ഡിപ്പാർട്ട്മെന്റിന്റെ ദുഃഖവും പ്രത്യാശയും അറിയിക്കുന്നു.

**ബ്രദർ റ്റി യോഹന്നാൻ**
*ഡയറക്ടർ ലിറ്ററേച്ചർ ഡിപ്പാർട്ട്മെന്റ്*





ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിന്റെ വളർച്ചയുടെ ഗ്രാഫ് ഉയർന്ന് നിൽക്കുവാൻ തുടങ്ങിയത് സാം സാറിന്റെ ഭരണ കാലയളവിലാണ് എന്നത് നിസ്തർക്കം ആയ വസ്തുതയത്രെ. പ്രതികൂല സാഹചര്യത്തിൽ സഭയെ നയിച്ച നേതാവ് എന്നത് മാത്രമല്ല മാറിനിന്നവരും എതിർത്തവരും തന്റെ നേതൃത്വം അംഗീകരിച്ച് മടങ്ങി വന്നതും തന്നോടുള്ള ദൈവീക നീതിയായി ഞാൻ കാണുന്നു. വ്യക്തിപരമായി അടുത്തറിയാനും ചേർന്നു നിൽക്കുവാനും സ്നേഹം അനുഭവിപ്പാനും കഴിഞ്ഞിട്ടുള്ള സന്ദർഭങ്ങൾ ധാരാളം. കണ്ണീരോടെയുള്ള പ്രാർത്ഥന, കൂട്ടുപ്രവർത്തകരോടുള്ള കരുണ ,സഭാ പുരോഗതിക്കായി പുതിയ പദ്ധതി നടപ്പാക്കൽ ഇവയെല്ലാം സാറിന്റെ വിശിഷ്ട ഗുണങ്ങളായിരുന്നു. എതിർക്കുന്നവരും ആത്മ നിറവിലുള്ള തന്റെ ശുശ്രൂഷയുടെ മുമ്പിൽ നിശബ്ദരാകുന്നതും തന്റെ അനുയായികളാകുന്നതും പലപ്പോഴും നേരിട്ടു കാണുവാൻ കഴിഞ്ഞിട്ടുണ്ട്. റവ: പിഎവി സാമിന്റെ ഓർമ്മകൾ സ്മൃതിപഥത്തിൽ എന്നും ദീപ്തമായി നിലനിൽക്കും.

**പാസ്റ്റർ സാംകുട്ടി മാത്യു**
*മീഡിയാ ഡയറക്ടർ*



ദൈവസഭയുടെ ഉന്നമനത്തിനായി അദ്ധ്വാനിച്ച ധീരപോരാളി അസാധാരണ കൃപയും നേതൃത്വ പാടവും ഒരു പോലെ സംയോജിച്ച കർമ്മയോദ്ധാവ്. ദൈവസഭയുടെ അസൂയാ വഹമായ വളർച്ചയ്ക്ക് ദൈവം ഉപയോഗിച്ച ദൈവമനുഷ്യൻ. വളരെ തിരക്കേറിയ കാലയളവിൽ ദൈവവുമായി ഒറ്റയ്ക് ചെലവഴിച്ച പ്രാർത്ഥനാ മനുഷ്യൻ. വിവിധ സംസ്കാരങ്ങളിലുള്ള ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് ദൈവകൃപയിലേക്ക് ആനയിച്ച പ്രസംഗശ്രേഷ്ഠൻ.

ഭാരതരാജ്യത്തിലെ ഭരണരംഗത്തുള്ളവരുടെ മുന്നിലും സുവിശേഷത്തിന് സാക്ഷ്യം വഹിച്ച സുവിശേഷ പോരാളി. പ്രതിസന്ധികളുടെ നടുവിലും കാലിടറാതെ ഉറച്ച് നിന്ന ധൈര്യശാലി.

ഇനിയും വിശേഷണങ്ങൾ എത്രയോ കിടക്കുന്നു വാക്കുകൾ പോരാ. ദൈവസഭയുടെ മുൻ ഓവർസിയർ പാസ്റ്റർ പിഎവി സാമിന് പ്രത്യാശയോടെ വിട. കൗൺസിലിംഗ് ഡിപ്പാർട്ട്മെന്റിന്റെ എല്ലാ വിധ ദുഖവും പ്രത്യാശയും രേഖപ്പെടുത്തുന്നു.

**പാസ്റ്റർ എബി.റ്റി ജോയി**
*ഡയറക്ടർ കൗൺസലിംഗ് ഡിപ്പാർട്ട്മെന്റ്*








ഒരു പതിറ്റാണ്ടിലധികം ചർച്ച് ഓഫ് ഗോഡ് എന്ന പ്രസ്ഥാനത്തിന് നേതൃത്വം നല്കിയ അനുഗ്രഹിക്കപ്പെട്ട കർത്തൃഭൃത്യനായിരുന്നു നിത്യതയിൽ ചേർക്കപ്പെട്ട റവ. പി. എ. വി. സാം സാർ. അദ്ദേഹം ഓവർസീയറായിരുന്ന കാലഘട്ടം ദൈവസഭയുടെ പുരോഗതിക്കും ആത്മീക ഉണർവ്വിനും ദൈവസഭയുടെ വളർച്ചയ്ക്കും അഹോരാത്രം പ്രവർത്തിക്കുവാൻ ദൈവം അവസരം നല്കി. ശക്തമായ നേതൃത്വം എന്നതിലുപരി മികച്ച സംഘാടകൻ, ഉണർവ്വ് പ്രസംഗകൻ എന്നിങ്ങനെ വിവിധ മേഖലകളിൽ തനതായ വ്യക്തി മുദ്ര പതിപ്പിക്കുവാൻ സാറിനെ ദൈവം ഇടയാക്കി. പ്രിയ സാം സാറിന്റെ നിര്യാണം ദൈവസഭയ്ക്ക് ഒരു വലിയ നഷ്ടം തന്നെയാണ്. അദ്ദേഹം കാണിച്ചു തന്ന നല്ല മാതൃകകൾ പിൻപറ്റുവാൻ എല്ലാ ദൈവസഭാ അംഗങ്ങൾക്കും ഇടയാകട്ടെ. ഈ വേർപാടിന്റെ ദുഃഖത്തിൽ ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് ഓഫീസും പങ്കുചേരുന്നു.ഞങ്ങളുടെദുഃഖവും പ്രത്യാശയും അറിയിക്കുന്നു

Bro. Binoy P. Alex, Pr. Jinose P. George, Evg. Finny Samson Thomas
*(State office Staff)*



കാലയവനികക്കപ്പുറത്ത് വേറിട്ട് ക്രിസ്തുവിനോടു ചേർന്ന പാസ്റ്റർ പി.എ.വി സാമിന്റെ വേർപാടിൽ ബാംഗ്ലൂർ ബഥേൽ അസംബ്ലീസ് ഗോഡ് സഭയുടെയും എന്റെയും അനുശോചനം രേഖപ്പെടുത്തുന്നു. ജീവിത വിശുദ്ധിയും പത്ഥ്യോപദേശവും കൈമുതലായി തിരുവചനത്തിന്റെ മാനദണ്ഡത്തിൽ സൂക്ഷിച്ചു വരുന്ന ആത്മീയ പൈതൃകമുള്ള സഭയാണ് ചർച്ച് ഓഫ് ഗോഡ്. ആ സഭയുടെ നേതൃത്വത്തിൽ വരുവാൻ കേരളക്കരയിൽ ആത്മലഹരി പകർന്ന പാസ്റ്റർ എ.ആർ.ടി അതിശയത്തിന്റെ മകന് ദൈവം അവസരം കൊടുത്തു. ഭരണത്തിന് തന്റെ നൈസർഗീക കഴിവുകളെ ദൈവകൃപയുമായി ചേർത്ത് സേവന അനുഭവങ്ങൾ കാഴ്ചവെച്ചു. ലോകത്തിലെ ആത്മീയരായ നേതാക്കളുടെ ഇടയിൽ താൻ ഭാരതീയ ദൈവസഭയെ പ്രതിനിധീകരിച്ച് ആഗോളതലത്തിൽ മാനിക്കപ്പെട്ടു. നല്ല പ്രായത്തിൽ ദീർഘായസ്സ് കൊണ്ടു തൃപ്തനായശേഷം അദ്ദേഹം വേർപിരിഞ്ഞു. ദുഃഖത്തിലായിരിക്കുന്ന ഏലിയാമ്മ ആന്റിയേയും മക്കളേയും ദൈവം ആശ്വസിപ്പിക്കട്ടെ. ഇമ്പങ്ങളുടെ പറുദീസായിൽ നമുക്ക് വീണ്ടും അദ്ദേഹത്തെ കാണാം.

**പാസ്റ്റർ എം.എ വർഗിസ്**
**ബഥേൽ അസംബ്ലീസ് ഗോഡ്, ബാംഗ്ലൂർ**

# ചരിത്രത്തിൽ ശോഭ പടർത്തിയ ഭരണകാലഘട്ടത്തിന്റെ ഉപജ്ഞാതാവ്

▸▸ 1-ാം പേജ് തുടർച്ച

ധികാരിയുമായിരുന്നു അദ്ദേഹം. സിറ്റി മിഷൻ പ്രോജക്ട് തുടങ്ങി നാനോന്മുഖ പ്രവർത്തനങ്ങളിലൂടെ ദൈവസഭയെ പുരോഗതിയിലേക്ക് നയിക്കുന്നതിന് നവീനമായ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് അത് നടപ്പിലാക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. റവ. പി എ വി സാം ദൈവസഭയുടെ മാത്രമല്ല സൗത്ത് ഏഷ്യയിലുള്ള മുഴുവൻ പെന്തക്കോസ്ത് സമൂഹത്തെയും പ്രതിനിധീകരിച്ച ഒരു ശക്തനായ ആത്മീയ നേതാവും, വിശ്വാസവീരനുമായിരുന്നു. ദൈവദാസന്മാരെ സ്നേഹിക്കുകയും,ബഹുമാനിക്കുകയും, സഹായിക്കുകയും അതുപോലെ തന്നെ നന്നായി തർജ്ജനം ചെയ്യുകയും ചെയ്യുമായിരുന്നു.

പാസ്റ്റർ പി എ വി സാം ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റിന് ഒരിക്കലും മറക്കാൻ കഴിയാത്ത വിലപ്പെട്ട സംഭാവനകൾ നല്കിയ അമൂല്യ ശില്പിയാണ്. ഏറ്റവും ദീർഘകാലം ഓവർസിയർ പദവി അലങ്കരിച്ച അദ്ദേഹത്തിന്റെ ശുശ്രൂഷ കാലഘട്ടം ദൈവസഭാ ചരിത്രത്തിൽ തങ്കലിപികളിൽ ആലേഖനം ചെയ്യപ്പെടും എന്നുള്ളതിന് രണ്ടു പക്ഷമില്ല. ഇനിയും അദ്ദേഹത്തെപ്പോലെ ഒരുവൻ മുൻപുണ്ടോ, അതോ ഇനിയുമുണ്ടാകുമോ എന്ന് ചോദിച്ചാൽ ദൈവം അനുവദിച്ചാൽ മാത്രം എന്ന ഒരു വാക്കുമാത്രം പറയുവാൻ ഞാൻ അഭിമാനിക്കുന്നു. അനേകം മിഷൻ സ്റ്റേഷനുകൾ ആരംഭിച്ചു, പല പ്രമുഖ പട്ടണങ്ങളിലും ദൈവസഭയ്ക്ക് സഭയുണ്ടായി. തിരുവല്ല കൺവെൻഷൻ സ്റ്റേഡിയം, ഇന്ത്യ ചർച്ച് ഓഫ് ഗോഡ് തിയോളജിക്കൽ സെമിനാരി, എന്നിവ അദ്ദേഹത്തിന്റെ കാലത്തെ എടുത്ത് പറയേണ്ട നേട്ടങ്ങളിൽ ചിലത് മാത്രമാണ്. അനേകർ നിസ്സഹകരിച്ചപ്പോഴും ശക്തമായ എതിർപ്പുകൾ ഉയർത്തിയപ്പോഴും അതിനെ തൃണവൽഗണിച്ചുകൊണ്ടു സ്വതസിദ്ധമായ അദ്ദേഹത്തിന്റെ ഇച്ഛാശക്തി ഒന്നുകൊണ്ട് മാത്രമാണ് തിരുവല്ലാ രാമൻചിറയിലെ കൺവൻഷൻ സ്റ്റേഡിയം സഭക്ക് സ്വന്തമാകുവാൻ കാരണമായത്. ഇന്ന് സഭയിലെ ഓരോ വിശ്വസിക്കും അഭിമാനത്തോടെ തലയുയർത്തി പറയാം മധ്യതിരുവിതാകൂറിന്റെ വിരിമാറിൽ രാജ്യത്തിന്റെ പലഭാഗത്തുനിന്നുമായി കടന്ന് വരുന്ന ദൈവമക്കൾക്കു കൂട്ടായ് ദൈവത്തെ ആരാധിക്കുകയും കൂട്ടായ്മ ആചരിക്കുകയും ചെയ്യാം എന്നുള്ളത് ഒരു വലിയകാര്യമാണ്. അതു പോലെ തന്നെ അതിലും വലിയ എതിർപ്പുകളെ അവഗണിച്ചാണ് ഇന്ത്യ ചർച്ച് ഓഫ് ഗോഡ് തിയോളജിക്കൽ സെമിനാരിയുടെ പണി പൂർത്തികരിച്ചതും പഠനം ആരംഭിച്ചതും. എന്നാൽ പില്ക്കാലത്ത് അതിന്റെ പ്രവർത്തനം ഇല്ലാതാക്കിയത് മരണം വരെ അദ്ദേഹത്തിന് വേദനയായിരുന്നു.

അദ്ദേഹത്തിന്റെ ഭരണകാലത്തെ സുവിശേഷ നാദം മാസികയിൽ ഒരോലക്കത്തിലും കേരളത്തിൽ എവിടെയെങ്കിലും സഭാ ഹോൾ പണിത് പ്രതിഷ്ഠിച്ചതിന്റെയോ, അല്ലെങ്കിൽ പാഴസ്നേജ് പ്രതിഷ്ടിച്ചതിന്റെയോ വാർത്ത ഉണ്ടാകുമായിരുന്നു. ഭരണകാലത്ത് സുവിശേഷികരണത്തിനും ഉണർവ്വിനും മുൻതൂക്കം നൽകിയിരുന്നു. അധികാര വികേന്ദ്രികരണം നടത്തി ഒരോ ഡിപ്പാർട്ട്മെന്റുകളിലും യോഗ്യരായവരെ മുൻ നിരയിലേക്ക് കൊണ്ടു വന്നു. ആരുടെയും മുമ്പിൽ തലക്കുനിക്കാതെ ഏറ്റെടുക്കുന്ന ദൗത്യത്തെ വിജയിപ്പിക്കുവാൻ തന്നാൽ കഴിയുന്നിടത്തോളും ശ്രമിക്കുമായിരുന്നു. അതിനായി അദ്ദേഹം തന്റെ പ്രാർത്ഥനാ മുറിയിൽ കണ്ണുനീരിന്റെ പെരുമഴ ചൊരിയിച്ചു ഉടയവന്റെ കാതുകളെ തന്റെ ചുണ്ടോടു ചേർക്കുമായിരുന്നു. തന്മിത്തം മുമ്പിൽ വരുന്ന പ്രതിസന്ധികളെ ഓരോരോ പദ്ധതികളായി മാറ്റുവാൻ ദൈവം അദ്ദേഹത്തിനു നേരിട്ട് ബുദ്ധി പറഞ്ഞ് കൊടുക്കുമായിരുന്നു. ജനത്താൽ അംഗീകരിക്കപ്പെട്ട പ്രഭാഷകനായിരുന്നു അദ്ദേഹം മലയാളവും ഇംഗ്ലീഷും ഒരു പോലെ കൈകാര്യം ചെയ്യുവാനുള്ള ഒരു അസാധാരണ പ്രാവിണ്യം അദ്ദേഹത്തിനുണ്ടായിരുന്നു. പ്രഭാഷണ വൈശിഷ്ട്യം കൊണ്ടോ, വാക്ചാതുര്യം കൊണ്ടോ കർണ പുളകിതമായ വാക് വൈഭവം കൊണ്ടോ, ജനത്തെ പ്രചോദിപ്പിക്കുന്ന കുസുമങ്ങൾ വിതറുന്ന നർമ്മ സംഭാഷണങ്ങൾക്കോ, വിഷയത്തെ പർവ്വതീകരിച്ച് വൈകാരിക മണ്ഡലത്തെ ഉയർത്തുന്നത് കൊണ്ടോ ഒരു പ്രാസംഗികന് ജനത്തെ സ്വാധീനിക്കുവാൻ കഴിയുകയില്ല. ജനങ്ങൾ ഒരു പ്രാസംഗികനെ അംഗീകരിക്കണമെങ്കിൽ അദ്ദേഹത്തിന്റെ ജീവിതം സത്യസന്ധമായിരിക്കണം, പ്രവത്തികൾ ധാർമ്മികവും, വാക്കുകൾ സുതാര്യവും ആയിരിക്കണം, അതിൽ സത്യത്തിന്റെ സുഗന്ധവും ഇടപെടലുകൾ മഹത്തരവും ആയിരിക്കണം അങ്ങനെയുള്ള വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു പ്രീയ സാം സാർ. തന്റെ മുൻപിലുള്ള ജനത്തിന്റെ മേൽ അഭിഷേകം പകരുന്നത് ആരാധനാ മധ്യത്തിൽ നാം കാണുമ്പോൾ തന്നെ കൂടെ നിൽക്കുന്ന അഭിഷിക്തൻമാരും തങ്ങൾ അറിയാതെ ഒരു ഉണർവ് വ്യാപരിക്കുമെന്നത് പലപ്പോഴും പലരും പങ്കുവെക്കുന്നത് കേട്ടിട്ടുണ്ട്. മീറ്റിങ്ങുകൾ, കൺവെൻഷനുകൾ, സുവിശേഷ പ്രഘോഷണം ഇവക്കൊന്നും വേർകൃത്യം കണ്ടിരുന്നില്ല, എല്ലാം ദൈവത്തിന്റെ വയൽ, വേലയെല്ലാം കർത്താവിന്റേതെന്നു ഒരു ദൃഢനിച്ഛയം ആ മനസുകളിൽ ഉണ്ടായിരുന്നു.

യോഗ്യരായവരെ കണ്ടെത്തി യാതൊരു വിമുഖതയും കൂടാതെ അവരെ കരം പിടിച്ച് ഉയർത്തി രണ്ടാം നിര നേതൃത്വത്തെ വാർത്തെടുത്തു. എന്നെയും ദൈവസഭയുടെ നേതൃത്വത്തിലേക്ക് കൈപിടിച്ച് ഉയർത്തുവാൻ ഗണ്യമായ പങ്ക് വഹിച്ചത് ബാഹുമാന്യനായ സാം സാർ ആയിരുന്നു. ദൈവസഭയുടെ കീഴ് വഴക്കമായ അറുപത്തഞ്ച് വയസ്സില് വിരമിക്കൽ എന്ന ഒറ്റ കാരണത്താലാണ് നീണ്ട പന്ത്രണ്ട് വർഷത്തിനു ശേഷം അദ്ദേഹം ഓവർസിയർ സ്ഥാനത്ത് നിന്ന് മാറിയത്. അതില്ലായിരുന്നെങ്കിൽ പിന്നെയും ചില വർഷങ്ങൾ കൂടെ അദ്ദേഹം ഓവർസിയർ സ്ഥാനത്ത് തുടർന്നേനെ. ഞാനും, ജോസഫ് മറ്റത്തുകാലായും, പാസ്റ്റർ ജേക്കബ് തോമസും സാം സാറിനെ കണ്ട് അറുപത്തഞ്ചു വയസ്സ് കഴിഞ്ഞും തുടരുന്നതിനെ സംബന്ധമായിട്ട് സംസാരിച്ചപ്പോൾ സാർ പറഞ്ഞത് ദൈവസഭയുടെ കീഴ് വഴക്കം നമ്മൾ ലംഘിക്കാൻ പാടില്ല എന്നായിരുന്നു.

അദ്ദേഹം ആരംഭിച്ച ബെഥേസ്ദാ റിവൈവൽ ക്രൂസേഡ് കേരളത്തിന്റെ സുവിശേഷികരണത്തിന് വളരെ പ്രയോജനം ചെയ്യുകയുണ്ടായി. അതിന്റെ ഫലമായി അനേകം പുതിയ സഭകൾ അദ്ദേഹം ആരംഭിച്ചു. ആ കാലത്ത് പെണ്ണുക്കരയിൽ നടന്ന ബഥേസ്ദാ ക്രൂസേഡിൽ വെച്ചാണ് എന്റെ മാതാവും മൂത്ത സഹോദരനും സ്നാനപ്പെട്ടത്. ഞങ്ങളുടെ ഭവനത്തിലെ ആദ്യസ്നാനശുസ്രൂഷ അദ്ദേഹത്തിന്റെ കൈവെപ്പിനാൽ ആയിരുന്നു. ബഥേസ്ദാ ക്രൂസേഡിന്റെ ഭാരവാഹികളിൽ ഒരാളായ ബഹുമാനപ്പെട്ട പാസ്റ്റർ കെ.വി ജോയിക്കുട്ടി അന്ന് പെണ്ണുക്കര സഭാശുശ്രൂഷകനായിരുന്നു. അദ്ദേഹമാണ് ആ മീറ്റിംഗ് സംഘടിപ്പിച്ചത്.

കാലചക്രം മുൻപോട്ടുരുണ്ടുകൊണ്ടിരുന്നു, ഞാനും സ്നാനപ്പെട്ടു സുവിശേഷ വേലയ്ക്കിറങ്ങി. എന്റെ വേദപഠന വിദ്യഭ്യാസ കാലത്ത് മണക്കാലായിൽ ഞാൻ ഗ്രാജുവേറ്റ് ചെയ്യുമ്പോൾ എന്റെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു സാം സാർ ആ ഗ്രാജുവേഷനിൽ മുഖ്യാതിഥി ആയിരിക്കണം എന്നത്, അത് കർത്താവ് സാധിപ്പിച്ചു തന്നു. അങ്ങനെ ആ ഗ്രാജൂവേഷന് സർവ്വീസില് സാം സാർ മുഖ്യ അതിഥിയായി ദൈവവചനം ശുശ്രൂഷിച്ചു. എന്റെ വിവാഹം നടത്തിയതും എനിക്ക് ഓർഡിനേഷന് നല്കി തന്നതും അദ്ദേഹമായിരുന്നു. ഒരു പിതാവിന്റെ വാത്സല്യം എന്നിലേക്ക് പകർന്ന് എപ്പോഴും എന്നോട് പറയുമായിരുന്നു. ദൈവമാണ് വിളിച്ചതെങ്കിൽ നാം ഭയപ്പെടേണ്ട ദൈവം ഒരിക്കലും കൈവിടത്തില്ല എന്ന്. ഇനി വരുന്ന തലമുറക്കും ഓർമപ്പെടുത്താനുള്ള ഒരു വലിയ വാക്കുകളാണ് ഇതെന്ന് നാമോരോരുത്തതും മറന്നു പോകരുത്. പില്ക്കാലത്ത് ഞാൻ ഫിലിപ്പൈയൻസിൽ പഠിച്ചു കണ്ടിരുന്നപ്പോൾ അന്നത്തെ ഏഷ്യൻ സുപ്രണ്ടായിരുന്ന റവ. റോബർട്ട് സെയ്ദായുടെ ഓഫീസ് ഫിലിപ്പൈൻസിലെ സെമിനാരിയിലായിരുന്നു. ആ സമയത്താണ് കേരളത്തിൽ സഭയിൽ വലിയ പ്രതിസന്ധി ഉടലെടുത്തതും, കുമ്പനാട് ഫ്രാക്ഷൻ രൂപികരിക്കപ്പെടുന്നതും. സാം സാർ എന്നെ വിളിച്ച് കേരളത്തിലെ വിഷയങ്ങൾ എന്നോട് പറയുകയും എനിക്ക് അത് ഏഷ്യൻ സൂപ്രണ്ടിനെ ധരിപ്പിക്കുവാനും കഴിഞ്ഞു. ഏഷ്യൻ സുപ്രണ്ടുമായിട്ടും അദ്ദേഹത്തിന്റെ സെക്രട്ടറിയുമായിട്ടും സുതാര്യമായ ഒരു ബന്ധം ആണ് എനിക്കുണ്ടായിരുന്നത്. സാം സാറിനുണ്ടായ പ്രതിസന്ധിഘട്ടത്തിൽ ആ ബന്ധങ്ങൾ വളരെ അനുഗ്രഹമായിരുന്നു. ഫിലിപ്പൈൻസിലെ എന്റെ ഗ്രാഡുവേഷനിലും സാം സാറിനെ മുഖ്യതിഥിയായി പങ്കെടുപ്പിക്കണമെന്ന് എന്റെ ആഗ്രഹമായിരുന്നു. അത് വരെ ഇൻഡ്യയുടെ പ്രതിനിധിയായി എത്തിച്ചേരുന്നത് പാസ്റ്റർ വെല്ലസ്ലീ സോളമനായിരുന്നു. ഞാൻ സാം സാറിനെ കൊണ്ടുവരുവാൻ പരിശ്രമിക്കുകയും അതിനുള്ള അനുമതി ലഭിക്കുകയും ചെയ്തു. പക്ഷെ ദൗർഭാഗ്യവശാൽ കേരളത്തിലെ സഭയിലെ പ്രശ്നങ്ങൾ അതിന്റെ മൂർദ്ധന്നതയിലായതിനാൽ സാറിന് എത്തിച്ചേരുവാൻ കഴിഞ്ഞില്ല. കേരളത്തിലേക്ക് മടങ്ങിയെത്തുന്നതിന് മുന്നമെ തന്നെ എന്നോട് മുളക്കുഴയിലെ സെമിനാരിയിൽ പഠിപ്പിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടിരുന്നു. അതിനാൽ കേരളത്തിലേക്ക് മടങ്ങിയെത്തിയാനന്തരം എന്നെ മുളക്കുഴ സെമിനാരിയിലെ അദ്ധ്യാപകനായി അദ്ദേഹം നീയമിക്കുകയും ചെയ്തു. മാത്രമല്ല വൈപിഇ ബോർഡിലേക്ക് അന്നത്തെ വൈപിഇ സെക്രട്ടറിയായരുന്ന ബ്രദർ ജോസഫ് മറ്റത്തുകാലയോട് എന്നെ ശുപാർശ ചെയ്തതും സാം സാറായിരുന്നു. തുടർന്ന് തിരുവല്ല ഐസിറ്റിഎസിന്റെ രജിസ്ട്രാറായി നീയമിച്ചതും ബഹുമാനപ്പെട്ട സാം സാറായിരുന്നു. പിന്നീട് ഇൻഡ്യാ ചർച്ച് ഓഫ് ഗോഡ് തിയോളജിക്കൽ സെമിനാരിയുടെ പ്രസിഡന്റായി (കേരളത്തിൽ അത് അഡ്മിനിസ്ട്രേറ്റർ എന്ന് അറിയപ്പെട്ടിരുന്നു) വേൾഡ് മിഷൻ നീയമിച്ചതിന് പിന്നിലും ബഹുമാനപ്പെട്ട സാറിന്റെ പങ്കാളിത്തം ഉണ്ടായിരുന്നു. ആ കാലത്ത് അമേരിക്കയിലുള്ള ദൈവസഭയുടെ സെമിനാരിയിൽ പഠിക്കുവാനുള്ള ക്രമീകരണങ്ങൾ ഒക്കെയും സാം സാർ ചെയ്തുവെങ്കിലും എനിക്ക് പോകുവാൻ കഴിഞ്ഞില്ല.

കുമ്പനാട് വിഭാഗം യോജിക്കുവാൻ ആഗ്രഹിച്ചപ്പോൾ പ്രസ്തുത വിഷയത്തിൽ എന്ത് നിലപാടെടുക്കണം എന്ന് സാം സാർ അമേരിക്കയിൽ പോകുന്നതിന് മുന്നമെ അഭിപ്രായം ചോദിച്ചത് എന്നോടും ബ്രദർ ജോസഫ് മറ്റത്തുകാലയോടും ആയിരുന്നു. സാറിന്റെ കാലത്ത് തന്നെ അവരെ യോജിപ്പിക്കണം, എന്നതായിരുന്നു ഞങ്ങളുടെ അഭിപ്രായം, ആ അഭിപ്രായത്തെ സാർ സ്വീകരിക്കുകയും അമേരിക്കയിലെത്തി കഴിഞ്ഞ് അതുമായി ബന്ധപ്പെട്ടവരുമായി ചർച്ച് നടത്തി കുമ്പാനാട് പക്ഷത്തെ യോജിപ്പിക്കുകയും ചെയ്തു. സാർ ഓവർസിയർ സ്ഥാനത്തു നിന്നും വിരമിച്ച് വെസ്റ്റേഷ്യൻ സൂപ്രണ്ടാകുമ്പോൾ കോട്ടയത്തുള്ള ഇന്ദ്രപ്രസ്ഥ ഓഡിറ്റോറിയം ബുക്ക് ചെയ്യുന്നതിനും കാര്യങ്ങൾ ക്രമീകരിക്കുന്നതിനും എന്നെയാണ് ഏല്പ്പിച്ചത്.

ഐസിറ്റിഎസിൽ എന്റെ ഓഫീസിന്റെ തൊട്ട് എതിർവശത്തായിരുന്നു വെസ്റ്റേഷ്യൻ സൂപ്രണ്ടായിരുന്ന സാറിന്റെ ഓഫീസ്. വെസ്റ്റേഷ്യൻ സൂപ്രണ്ടായപ്പോഴും അദ്ദേഹത്തിന്റെ പ്രാർത്ഥനാ ജീവിതം അഭംഗുരം മുന്നോട്ട് പൊയ്ക്കൊണ്ടിരുന്നു. ഞാൻ ഓവർസിയറായി ചുമതല ഏല്ക്കുന്നതിന് മുമ്പ് അദ്ദേഹത്തിന്റെ അടുക്കൽ ചെല്ലുവാനും ശിരസ്സിൽ കൈവെച്ച് അനുഗ്രഹം വാങ്ങുവാനും കർത്താവ് എന്നെ സഹായിച്ചു. അദ്ദേഹത്തിന്റെ വേർപാടിൽ ഞങ്ങൾ കുടുംബമായി ദുഃഖിക്കുന്നു. ദുഃഖത്തിലായിരിക്കുന്ന പ്രീയ അമ്മാമ്മയേയും, റോയി സാറിനേയും കുടുംബത്തേയും, സിസ്റ്റർ റെനിയേയും കുടുംബത്തേയും സർവ്വശക്തനായ ദൈവം സകലബുദ്ധിയേയും കവിയുന്ന ദൈവീക സമാധാനം കൊണ്ട് നിറക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഇന്ന് മുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ; അതെ, അവരുടെ പ്രയത്നങ്ങളിൽ നിന്നു അവർ വിശ്രമിക്കേണ്ടതാകുന്നു; അവരുടെ പ്രവൃത്തികൾ അവരെ പിന്തുടരും എന്നു ആത്മാവ് പറയുന്നു (വെളിപാട് 14:13). ഉയിർപ്പിന്റെ പൊൻ പുലരിയിൽ പുത്തൻ ശരീരത്തോടെ അക്കരെ നാട്ടിൽ സാം സാറിനെ വീണ്ടും കാണാം എന്ന പ്രത്യാശയോടെ അദ്ദേഹത്തിന് വിട ചെല്ലുന്നു. ചർച്ച് ഓഫ് ഗോഡ് ഇൻഡ്യ കേരളാ സ്റ്റേറ്റിന്റെ എല്ലാ വിധ ദുഃഖവും പ്രത്യാശയും ദൈവസഭ കേരളാ സ്റ്റേറ്റിന്റെ ഒരു എളിയ ചുമതലക്കാരൻ എന്ന നിലയിൽ രേഖപ്പെടുത്തുന്നു.





# ഞാൻ അറിയുന്ന പി.എ.വി.

▸▸ 1-ാം പേജ് തുടർച്ച

ന്നീട് ബെഥേസ്ദ വോയ്സ് എന്ന മാസികയും ആരംഭിച്ചപ്പോൾ അദ്ദേഹത്തോടും കുടുംബത്തോടും കൂടുതൽ ഇടപഴകുന്നതിനും ആ ഭവനത്തിലെ നിത്യ സന്ദർശകനായും ഞാൻ മാറി. ബെഥോസ്ദാ ക്രൂസേഡ് എല്ലാ മാസത്തിലും 3 ദിവസം വീതമാണ് നടന്നിരുന്നത്. അങ്ങനെ നടന്ന 100-ൽ പരം ക്രൂസേഡുകളെ സംഘടിപ്പിക്കുവാനും, അത് റിപ്പോർട്ട് ചെയ്യുവാൻ ആരംഭിച്ച ബെഥേസ്ദാ വോയ്സിന്റെ അസോസിയേറ്റ് എഡിറ്ററായി 10 വർഷത്തോളവും (1977–1988) പ്രവർത്തിക്കുവാനും സാധിച്ചത് ഒരു ഭാഗ്യമാണ്. 1988-ൽ അദ്ദേഹം കേരളാ സ്റ്റേറ്റ് ഓവർസിയറായപ്പോഴും, തുടർന്ന് വെസ്റ്റേഷ്യൻ സുപ്രണ്ടായപ്പോഴും, താൻ നേരിട്ട എല്ലാ പ്രതിസന്ധികളിലും വിശ്വസ്തനായി കൂടെ നിലക്കുവാൻ എനിക്ക് സാധിച്ചു.

ഞാൻ അടുത്തറിഞ്ഞ സാം സാറിനെക്കുറിച്ച് എടുത്ത് പറയേണ്ട കാര്യം സീബാ ഗെയ്ഗി എന്ന മൾട്ടി നാഷണൽ കമ്പനിയുടെ സൗത്ത് ഇൻഡ്യ മാനേജരായി ഉന്നതമായി ജോലി ചെയ്തിട്ടും, കൊട്ടാര സദൃശ്യമായ ഒരു വീട് പണിയുവാൻ വേണ്ട അനുബന്ധ സൗകര്യങ്ങൾ ഉണ്ടായിട്ടും, തനിക്ക് സ്വന്തമായൊരു ഭവനം ഉണ്ടാക്കുവാൻ അദ്ദേഹം ശ്രമിച്ചില്ല. അബ്രഹാമിനെപ്പോലെ കൂടാരങ്ങളിൽ പാർത്ത് കൊണ്ട് ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനമുള്ളതുമായ നഗരത്തിനായി കാത്തിരുന്നു (എബ്രാ10:10). ഭൗമീകമായ ജീവിതം അബ്രഹാം കണ്ടതുപോലെ കണ്ട്, നിത്യയിലേക്ക് നിക്ഷേപം സ്വരുക്കൂട്ടാൻ കിട്ടിയ പണമെല്ലാം അദ്ദേഹം ചിലവിട്ടു. കോടിക്കണക്കിന് രൂപാ വിലയുള്ള എറണാകുളം മാമംഗലം ദൈവസഭയുടെ കെട്ടിടം ഇരിക്കുന്ന സ്ഥലം അദ്ദേഹത്തിന്റെ ദാനമാണ്. പ്രസംഗിക്കുക മാത്രമല്ല ആത് പ്രയോഗിക ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. സ്വന്തം മകന്റെ വേർപാടിലും ധൈര്യത്തോട് നിന്ന് ദൈവവചനം ശുശ്രൂഷിച്ച് സംസ്കാരം നടത്തുവാൻ അദ്ദേഹത്തിന്റെ ക്രിസ്തീയ പ്രത്യാശ ധൈര്യം പകർന്നു കൊടുത്തു.

അത്മീയ നഭോമണ്ഡലത്തിൽ നിരവധി ഉന്നത സ്ഥാനങ്ങൾ അലങ്കരിച്ചിരുന്ന, ചർച്ച് ഓഫ് ഗോഡിന്റെ ഓവർസിയറും, വെസ്റ്റെഷ്യൻ സൂപ്രണ്ടുമായിരുന്ന റവ.പിഎവി സാം എനിക്കും എന്റെ കുടുംബത്തിനും എന്നും "പ്രീയപ്പെട്ട സാംകുട്ടിച്ചായൻ" ആയിരുന്നു. വേർപാടിന്റെ ദുഃഖത്തിൽ ആയിരിക്കുന്ന ഏലിയാമ്മ കൊച്ചമ്മ, റോയി-സിസ്സി, റെനി - സാക്ക് എന്നിവരെ സകലബുദ്ധിയേയും കവിയുന്ന ദൈവീക സമാധാനം കൊണ്ട് നിറക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.



## പ്രതിഭാധനനായ സുവിശേഷകൻ



ദൈവസഭയുടെ ചരിത്രത്തിൽ പകരക്കാരനില്ലാത്ത അമരക്കാരനാണ് പാസ്റ്റർ പി.എ.വി സാം. ഇന്ത്യയിലെ പെന്തക്കോസ്തു നേതൃനിരയിൽ വ്യക്തി പ്രഭാവം കൊണ്ട് ശോഭിച്ച അതുല്യപ്രതിഭ. ഇന്ത്യാ ദൈവസഭയുടെ ആധുനിക ശില്പിയായി പ്രസ്ഥാനത്തെ വളർച്ചയിലേക്ക് നയിച്ചു എന്നീ നിലയിൽ അദ്ദേഹത്തെ സ്മരിക്കാം. പ്രതിസന്ധികളിൽ പ്രത്യാശയോടെ നില നിന്ന സഹനത്തിൻറെ സുവിശേഷകൻ, പി.എ.വി എന്ന മൂന്നക്ഷരം കൊണ്ട് ആത്മീയ ലോകത്തെ അതികായകനായ പ്രീയ ദൈവഭൃത്യന് ഏറ്റവും നല്ല ഉയിർത്തെഴുന്നേല്പിനായി യാത്രാ മൊഴി.

**പാസ്റ്റർ ജോബി വർഗ്ഗീസ് തുവയൂർ**


















സാംകുട്ടിച്ചായനെക്കുറിച്ച് ഓർക്കുമ്പോൾ, ഏകദേശം 50 വർഷങ്ങൾക്ക് മുന്നമെ അത്യപൂർവ്വമായി കാണുന്ന ഒരു ഹിൽമാൻ കാറിൽ, അരെയും ആകർഷിക്കുന്ന ചുറുചുറുക്കുള്ള ഒരു സുമുഖൻ വീട്ടിലേയ്ക്ക് വരുന്നതാണ് ഓർമ്മ വരുന്നത്. ഈ കുടംുബത്തോടുള്ള പ്രത്യേക താല്പര്യം മൂലം ആരോഗ്യം അനുവദിച്ച നാളത്രയും അടുത്ത സ്ഥലത്ത് എവിടെ എത്തിയാലും ഇവിടെ വന്ന് അദ്ദേഹം സ്നേഹാദരങ്ങൾ പങ്കുവച്ചിരുന്ന കാര്യം ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു.

സ്വന്തം കുടുംബ കാര്യങ്ങളേക്കാൾ സഭാകാര്യങ്ങൾക്ക് പ്രധാന്യം നല്കി സഭയുടെ ആത്മീകവും ഭൗതീകവുമായ വളർച്ചയ്ക്ക് നേതൃത്വം നൽകിയതിനു പ്രതിഫലമായി അനുഗ്രഹീതരായ മൂന്നു കുഞ്ഞുങ്ങളെ ദൈവം ആ കുടുംബത്തിന് നൽകി. ഇമ്പങ്ങളുടെ പറുദീസയിൽ നമുക്ക് വീണ്ടും ഒരുമിക്കാമെന്ന പ്രത്യാശയോടെ

**മറിയാമ്മയും കുടുംബവും, വെട്ടിയിൽ, വാകത്താനം**

▸▸ ▸▸ ▸▸ ▸▸ ▸▸

I have very fond memories of Samkuttychayan. I was very fortunate to have his guidance and support all through my days. In this context, my family and I are obliged to his children Roy & Reny and their families. If I try to recollect them, 2 minutes would only be the tip of the iceberg. Alternatively, I would like to share what I learned from him through my personnel experience, and how to be a Good Samaritan, holding on to our almighty God.

As you all know and might have experienced, he was loving and affectionate to every near & dear ones. His aura of love and warmth blew away all the tensions of anyone who approached him. In spite of his stature and busy schedule, he always found time to extend his support and guidance to everyone around him. His closeness with almighty God and his powerful prayers were a solace to all. He taught us to love others without expecting anything in return. In fact, in my early marriage days, he found time to take us around – be it for any and all of our requirements. He always had a fatherly love towards me, my siblings and everyone in our family. Our earnest efforts are to transmit the Good Samaritan deeds, that we learned from him, to people around us. But, it's a long journey for us, compared to what he achieved during his lifetime. He shall continue to remain in our memories and we pray to God to take him under His wings.

***Georgekutty and Kunjumol***

▸▸ ▸▸ ▸▸ ▸▸ ▸▸

We have some lovely memories of dear Samkuttychayan. He visited us at Chicago multiple times,and we have visited him and my maternal aunt Aleyammama when they lived at Atlanta. We last saw him in 2018 when we visited Kerala. He recognized and remembered us inspite of his weak state. Praise God for using him mightily in God's Kingdom. Samkuttychayan played a big role in Stanchayan and my marriage. He ministered at our wedding. Pastor Joseph C Joseph my father in law knew him well even prior to our marriage. With fond memories

***Reny, Stanley and Sneha***

▸▸ ▸▸ ▸▸ ▸▸ ▸▸

Other than early family get-togethers at my mom's home in Vakathanam, my first strong memories of my maternal aunt's husband -Samkuttychayan (Pastor PAV Sam) was around the time when he started the Bethesda Crusades in the late 70s. The crusades were indeed a revival movement and I remember heartily looking forward to each issue of the Bethesda Voice to read anointed articles and testimonies of deliverances and miraculous healings at the revival crusades. The ministerial calling for Pastor PAV Sam unequivocally catapulted him from strength to strength with promotions and appointments with greater responsibilities and renown as each year progressed in hsi ministerial life. Our close relationship continued even after I moved to the U.S. where he would regularly visit us whenever he passed through town. The church that I attended always looked forward to him come preach, because his messages were always so anointed and powerful. Our deepest condolences to AleyammaKochama, Pastor Roy Samuel, Reny Koshy, and their families. May the Lord comfort each of you at this time of grief.

***Lovingly, Reggie, Sally and children (Dallas, USA).***

▸▸ ▸▸ ▸▸ ▸▸ ▸▸

Dear Aleyammamma, Roy and Reny,

We share your hope even as we join with you in your grief at dear Samkuttichayan's passing into his heavenly home. Our memories of him go way back to 1981, when he played a significant role in bringing our families together and affirming our marriage. And we remember that he shared from God's Word on our wedding day. He joyfully worked for God's kingdom and he made us all proud by his service for the Lord, and we were delighted by his visit to our church and our home in Dallas. The last we saw him alive was when we visited him two years ago in Ernakulam. Despite his illness he recognized us and we spent some time together. We praise God for his life and the many souls he brought to the saving knowledge of Jesus Christ. As John 15:16 says, "You did not choose me, but I chose you and appointed you that you should go and bear fruit, and that your fruit should abide..." . He ran his race well, and let us rejoice with heaven that he has been ushered into his eternal rest that Samkuttichayan was looking forward to.You all are in our thoughts and prayers.

***Jessie and Babu, Dallas.***

▸▸ ▸▸ ▸▸ ▸▸ ▸▸

Praise and thank God for Samkuttychayans beautiful passing away to God's eternal kingdom after a long way of his Pastoring.God has chosen Samkuttychayan in His divine wisdom and placed for the treasure of the Gospel work. His hospitality is highly regarded and his sweet smiling is always remembered He was a pastor to whom a life of sacrifice held for his ministry.His ministry born from those prayer closets with a bended knees and intimate moments with God. Samkuttychayan will never fade our hearts. Praise be to God

***Thomas Kovoor***

▸▸ ▸▸ ▸▸ ▸▸ ▸▸

Samkuttychayan's memory will never fade Samkuttychayan was a special person with very good qualities. He was affectionate, helpful and very much supportive.we are thankful to him for the kindness he showed which can never be repaid. His dedication to God's words is something we are grateful for. He will be missed very much. The special years will not return when we were all together. But with love in our hearts he Will walk with us forever .

***Thomachen & family***







# പപ്പായെക്കുറിച്ചുള്ള ഓർമ്മക്കുറിപ്പുകൾ

റവ.റോയി ശാമുവേൽ

ഓർമ്മയുടെ അടിത്തട്ടിൽനിന്ന് പിതാവിന്റെ ഓർമ്മകൾ എന്നെ തേടി വരുന്നു. ആ സ്നേഹത്തിന്റെ ആഴവും വ്യാപ്തിയും കണ്ണുകൾക്ക് കാണാൻ കഴിയാത്ത വിധം നല്കിത്തന്ന സംരക്ഷണവും ത്യാഗവും കരുതലും അങ്ങനെ ഒരുപാട് ഉണ്ട്. വളരെ സ്നേഹനിധികളായ മാതാപിതാക്കളുടെ മക്കളായി ജനിക്കുവാൻ എനിക്കും എന്റെ സഹോദരങ്ങൾക്കും ഭാഗ്യം സിദ്ധിച്ചു. എന്റെ പിതാവ് പാസ്റ്റർ പിഎ സാം ഞങ്ങൾക്ക് വളരെയധികം പ്രചോദനം നല്കി തന്ന പിതാമഹനാണ്. ഞങ്ങൾ മൂന്ന് മക്കളെയും വളരെയധികം സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന സ്വഭാവത്തിനുടമ ആയിരുന്നു അദ്ദേഹം. ആ പരിലാളനം വളരെയധികം അനുഭവിക്കുവാൻ മക്കളായ ഞങ്ങൾക്ക് അവസരം ലഭിച്ചു. വളരെ ചെറുപ്പത്തിൽ തന്നെ എനിക്ക് ഓർമ്മ വച്ച നാൾ മുതൽ പപ്പായുടെ ജീവിത ശൈലി എനിക്ക് മാതൃകയായിരുന്നു. ജീവിതത്തിലെ സന്ദിഗ്ധഘട്ടങ്ങളിൽ തീരുമാനങ്ങൾ എടുക്കുമ്പോൾ ദൈവപാദപീഠം അന്വേഷിക്കുമായിരുന്നു പപ്പാ. ജീവിതത്തിൽ പലപ്പോഴും മൂന്ന് ദിവസവും, ഏഴ് ദിവസവും അതിൽ കൂടുതൽ ദിവസവും ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക എന്നത് പപ്പായ്ക്ക് നിഷ്ഠയുള്ള കാര്യമായിരുന്നു. പ്രാർത്ഥയിൽ സമയം ചിലവഴിക്കുന്നതിൽ അനുരഞ്ജനത്തിന് പപ്പ തയ്യാറാല്ലായിരുന്നു. പ്രാർത്ഥനാ സമയത്ത് ആരേയും കാണുവാൻ അദ്ദേഹം തയ്യാറല്ലായിരുന്നു. ഏതെങ്കിലും ഒരു വിഷയത്തെ സംബന്ധമായി സ്വയം തീരുമാനമെടുക്കുന്നതിന് മുന്നമെ പ്രസ്തുത വിഷയത്തിന്മേലുള്ള ദൈവഹിതം ആരായുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു. ദൈവീകമായ നിർദ്ദേശം ലഭിക്കുന്നതിനുസൃതമായിട്ട് മാത്രമെ അദ്ദേഹം ചുവടുകൾ വെച്ചിരുന്നുള്ളു. ജീവിത പടകിന് നേരെ ശക്തമായ കൊടുങ്കാറ്റുകൾ ആഞ്ഞടിക്കുമ്പോഴും വിരിച്ചിട്ട പായിൽ മുഴങ്കാൽ മടക്കി ആ പ്രതിസന്ധിയെ തരണം ചെയ്യുന്നതിന് ആവശ്യമായ ദൈവകൃപയ്ക്കായി യാചിക്കുമായിരുന്നു. തന്റെ 22–ാമത്തെ വയസ്സിലാണ് സുവിശേഷ വേലയ്ക്കായി ഭാഗികമായി ഇറങ്ങുന്നതും, ദൈവസഭയുടെ നേതൃത്വത്തിൽ എത്തിച്ചേർന്നതും. സുവിശേഷ വേലയെ ആദായ സൂത്രമായി കണ്ടില്ല. വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നത് നല്ലത് എന്ന് അദ്ദേഹം ചിന്തിച്ചിരുന്നു. കിട്ടുന്ന നന്മകൾ മുഴുവനും ദൈവവേലയ്ക്കായി അദ്ദേഹം ചിലവഴിച്ചു. സീബാ ഗോയ്റിയിൽ സൗത്ത് ഇൻഡ്യാ മനേജരായിരുന്നപ്പോൾ ലഭിച്ച ഭരണപരമായ അറിവുകൾ ദൈവസഭയുടെ ഉന്നമനത്തിന് വേണ്ടി അദ്ദേഹം ഉപയോഗിച്ചു. ഭൗതീക ജോലിയിൽ നിന്നും ലഭിക്കുന്ന നന്മകളുടെ സന്തോഷത്തേക്കാൾ തന്റെ പ്രവർത്തനങ്ങളുടെ പരിണിതഫലമായി ആത്മാക്കളുടെ വിടുതൽ സംഭവിക്കണം എന്ന് മാത്രമായിരുന്ന അദ്ദേഹത്തിന്റെ ആഗ്രഹം. ജനത്തിന് ആവശ്യമായ വിടുതലും ദൂതും നല്കി കൊടുക്കുവാൻ പരിശുദ്ധാത്മാവിന്റെ ശക്തിക്ക് വേണ്ടി അദ്ദേഹം പ്രാർത്ഥിക്കുമായിരുന്നു. ഏതൊരു ശുശ്രൂഷക്ക് പോകുന്നതിന് മുന്നമെ വളരെയധികം സമയം പ്രാർത്ഥിച്ച് ദൈവീക ദൂത് ഏറ്റെടുത്താണ് അദ്ദേഹം യാത്ര തിരിച്ചിരുന്നത്. വിദേശ രാജ്യങ്ങൾ സന്ദർശിക്കുമ്പോൾ അവിടെയുള്ള മലയാളി സഭകൾ സന്ദർശിക്കുന്നതിനെക്കാൾ ആ രാജ്യത്തെ പ്രാദേശിക ഭാഷ സഭകൾ സന്ദർശിക്കുകയും ദൈവവചനം പ്രസംഗിക്കുകയും ചെയ്തു.

വളരെ ചെറുപ്പം മുതൽ തന്നെ ഞങ്ങൾ മക്കളെ എല്ലാവരേയും ദൈവവചനം പഠിപ്പിക്കുകയും, കുടുംബ പ്രാർത്ഥനകൾ വെറും ചടങ്ങായി മാറ്റാതെ അദ്ദേഹം ആത്മാവിൽ ആരാധിക്കുകയും ഞങ്ങളെ അതിനായി ഉത്സാഹിപ്പിക്കുകയും ചെയ്യുമായിരുന്നു. ഞാൻ പലപ്പോഴും ഓർത്തിട്ടുണ്ട് ദൈവത്തെ ആരാധിക്കുവാൻ മാത്രമാണോ എന്റെ പിതാവിനെ ദൈവം ഈ ലോകത്തിലേക്ക് അയച്ചതെന്ന്. ഞങ്ങളെ വളരെ ചിട്ടയോടും, അച്ചടക്കത്തോടും, ഭക്തിയുടെ മാർഗ്ഗത്തിലുമാണ് വളർത്തിയത്. തെറ്റുകണ്ടാൽ ഞങ്ങളെ സ്നേഹത്തോടെ ശാസിക്കുമായിരുന്നു. എന്നാൽ ഞങ്ങൾ അതിന് അവസരം കൊടുക്കാതിരിക്കുവാൻ ശ്രദ്ധിച്ചു. പപ്പാ എന്താണ് എന്നിൽ നിന്നും പ്രതീക്ഷിക്കുന്നത് എന്ന് മനസ്സിലാക്കി അതുപോലെ പ്രവൃത്തിക്കുമായിരുന്നു. ഞങ്ങൾ വിടിനു പുറത്തേക്കു പോകുമ്പോൾ ഞങ്ങളെ തലയിൽ കൈവെച്ച് പ്രാർത്ഥിച്ച് മാത്രമെ അയക്കുകയുള്ളായിരുന്നു. ഞങ്ങൾക്ക് സ്നേഹിതർ കുറവായിരുന്നു, കാരണം പപ്പായ്ക്ക് സുവിശേഷവേലയോട് അനുബന്ധമായി എന്തെങ്കിലും ചെയ്യുവാൻ ഉണ്ടാകും. അദ്ദേഹം പ്രസിദ്ധീകരിച്ചിരുന്ന ബഥേസ്ദാ വോയ്സ്, മറ്റു ആത്മീക പ്രവർത്തനങ്ങൾ എന്നിവയിൽ സ്കൂൾ വിട്ട് വന്ന് കഴിഞ്ഞാൽ ഞങ്ങൾ പപ്പായെ സഹായിക്കുമായിരുന്നു.

സീബാ ഗോയഗി എന്ന ഫാർമസ്യൂട്ടിക്കൽ കമ്പനിയുടെ സൗത്ത് ഇൻഡ്യൻ മാനേജരായി പപ്പ ജോലി ചെയ്തു. ജോലിയോട് നൂറു ശതമാനം ആത്മാർത്ഥ പുലർത്തിയിരുന്ന പപ്പ. അതുകൊണ്ട് ആ കമ്പനി പപ്പായ്ക്ക് അഖിലേന്ത്യ തലത്തിൽ ജോലിക്കയറ്റം നല്കി കൊടുത്തു. ജോലിക്കയറ്റം വാങ്ങിയാൽ പപ്പായുടെ ഓഫിസ് സൗത്ത് ഇൻഡ്യയിൽ നിന്നും ബോംബയിലേക്ക് മാറ്റണമായിരുന്നു. എന്നാൽ ആ സമയത്താണ് പപ്പ ദൈവീക ശബ്ദം കേട്ട് ജോലി രാജി വെച്ചത്. അത് ഒരു പ്രവചന നിവൃത്തിയായിരുന്നു. എന്റെ വല്യപ്പച്ചൻ പാസ്റ്റർ എർടി അതിശയം മരണത്തോടടുത്തപ്പോൾ എന്റെ പിതാവിനെ അരികിലേക്ക് വിളിക്കുകയും, അദ്ദേഹത്തിന്റെ സവിധത്തിൽ അനുഗ്രഹിച്ച് പ്രാർത്ഥിക്കുന്നതിനായി മുട്ടു മടക്കുവാനും ആവശ്യപ്പെട്ടു. ആ സമയത്ത് വല്ല്യപ്പച്ചൻ എന്റെ പിതാവിന്റെ തലയിൽ വെച്ച് പരിശുദ്ധാത്മാവ് നിറഞ്ഞ് പറഞ്ഞു. നിനക്ക് നല്ല ഒരു ജോലി ലഭിക്കുകയും നീ അതിൽ പ്രശോഭിക്കുകയും ചെയ്യും. എന്നാൽ നിന്നെ അവർ ജോലിക്കയറ്റം നല്കി ആദരിക്കുവാൻ തുടങ്ങുമ്പോൾ പരിശുദ്ധാത്മാവ് നിന്നോട് ആവശ്യപ്പെടും പൂർണസമയ സുവിശേഷ വേലയിൽ വ്യാപൃതനാകുവാൻ. അപ്പോൾ യാതൊരു മടിയും കൂടാതെ അതിനെ അനുസരിക്കണം എന്ന്. അപ്രകാരം ചെയ്യും എന്ന് ഇപ്പോൾ നിന്റെ ഭൗതീക പിതാവിന്റെ മുമ്പിലും സ്വർഗ്ഗീയ പിതാവിന്റെ മുമ്പിലും സത്യം ചെയ്യുവാൻ ആവശ്യപ്പെട്ടു, പപ്പാ അപ്രകാരം ചെയ്യുകയും ചെയ്തു. ജോലി രാജി വെച്ചതിലൂടെ പപ്പാ ആ ദൈവീക ശബ്ദത്തെ അനുസരിക്കുകയായിരുന്നു. 2019–ൽ പപ്പായെ നേരിൽ കാണുവാൻ ഇൻഡ്യയിൽ എത്തിച്ചേരുകയും പപ്പായോടൊപ്പം സമയം ചിലവഴിക്കുകയും ചെയ്തു. തിരികെ പോകാനായി പപ്പായോട് യാത്ര പറയുമ്പോൾ ഒരിക്കലും മറക്കാനാവാത്ത ഒരു അനുഭവം എനിക്കുണ്ടായി, എന്റെ തലയിൽ കൈവച്ച് എന്നോട് പറഞ്ഞു "നീ ഇതുവരെ കാണുകയോ, പോകുകയോ ചെയ്യാത്ത അനേകം രാജ്യങ്ങളിലേക്ക് ദൈവവേലയ്ക്കായി നീ പോകും. ലോകത്തിന്റെ വിവിധയിടങ്ങളിൽ നിന്നെ അയച്ച് കർത്താവിന്റെ മഹത്വരമായ വേല ചെയ്തെടുക്കും, അതിന് വേണ്ടി നീ സമർപ്പിച്ച് പ്രാർത്ഥിക്കണം" എന്ന് പറഞ്ഞ് എന്നെ പ്രാർത്ഥിച്ച് അനുഗ്രഹിച്ചാണ് പറഞ്ഞയച്ചത്.

1987–ൽ ജോലി രാജി വെച്ച് പൂർണ സമയം സുവിശേഷകനായി മാറിയപ്പോൾ ജീവിതത്തെ ആകെ തകർത്തു കളയുന്ന ഈശാനുമൂലൻ ആഞ്ഞടിച്ചു. എന്റെ സഹോദരൻ റെജിമോന്റെ രോഗം സ്ഥിതികരിക്കുകയും ചികിത്സ ആരംഭിക്കുകയും ചെയ്തു. പക്ഷെ ദൈവഹിതം മറ്റൊന്നായിരുന്നു എന്റെ സഹോദരൻ ഞങ്ങളെ വിട്ട് പിരിഞ്ഞ് നിത്യതയിലേക്ക് ചേർക്കപ്പെട്ടു. അപ്പോൾ എല്ലാവരും എന്റെ പപ്പായെക്കുറിച്ച് പറഞ്ഞു. ഇനിയും ഒരു തരത്തിലും പപ്പായുടെ ശുശ്രൂഷ മുന്നോട്ട് പോകത്തില്ല, എല്ലാ ശുശ്രൂഷകളും ഇവിടം കൊണ്ട് അവസാനിക്കും എന്ന്. പക്ഷെ എന്റെ പപ്പാ ആ ദുഃഖത്തേയും ദൈവീക ശക്തിയാൽ തരണം ചെയ്ത് സുവിശേഷ വേലയിൽ മുന്നേറി.

എല്ലാവരേയും കൈത്താങ്ങുകയും, പ്രത്സാഹിപ്പിക്കുകയും ചെയ്യുന്ന സ്വഭാവമായിരുന്നു എന്റെ പപ്പയുടേത്. ആരോടും പറ്റില്ല എന്ന് പറയില്ല, വർഗ്ഗ വർണ്ണ പണ്ഡിത പാമര കുബേര കുചേല വ്യത്യാസമില്ലാതെ എല്ലാവരേയും ഉൾക്കൊള്ളുമായിരുന്നു. ഒരുവനിൽ നല്ലത് എന്തെങ്കിലും കണ്ടാൽ അതിനെ പരസ്യമായി പ്രശംസിക്കുന്നതിന് യാതൊരു മടിയും ഇല്ലായിരുന്നു. അഭിഷിക്തന്മാരെ ബഹുമാനിച്ചിരുന്നു, ദൈവീക ശബ്ദത്തിന് കാത് കൊടുക്കുമായിരുന്നു. എന്റെ പപ്പായെ ഏറ്റവും അധികം സന്ദർശിച്ചിട്ടുള്ള പ്രവാചക ശ്രേഷ്ടൻ വാര്യാപുരം യോഹന്നാച്ചായനായിരുന്നു. വ്യക്തിപരമായ ആക്രമണം നേരിടുമ്പോഴും അദ്ദേഹം ആരോടും പ്രതീകാര മനോഭാവം കാണിച്ചില്ല. പപ്പായുടെ ചിന്ത ദൈവസന്നിധാനത്തിൽ പ്രാഗത്ഭ്യം നേടുക എന്നതായിരുന്നു. എന്റെ പിതാവ് ഞങ്ങൾ മക്കളിലേക്ക് പകർന്ന് നല്കിയ ചിന്തകൾ ആശയങ്ങൾ അതെല്ലാം ഞങ്ങൾക്ക് അടയാളങ്ങളാണ്. ഒരുവൻ ആർജ്ജിക്കുന്ന അറിവ്, അവൻ വളർന്നു വന്ന സാഹചര്യങ്ങൾ, ആത്മീകമായി അവനു ലഭിക്കുന്ന ചില ഉണർവ്വുകൾ, ജനിതകവും പാരമ്പര്യവുമായ ചില ഗുണങ്ങൾ, വ്യക്തി എന്ന നിലയിൽ ഉള്ള അവന്റെ സ്വഭാവവും പെരുമാറ്റങ്ങളും അങ്ങനെ അങ്ങനെ ഒരു നൂറു കൂട്ടം കാര്യങ്ങൾ. ഇന്ന് എന്റെ പപ്പാ എന്നെ വിട്ട് പിരിഞ്ഞ് നിത്യതയിൽ വിശ്രമിക്കുമ്പോൾ ഞാൻ വളരെയധികം ദുഃഖിക്കുന്നു, എങ്കിലും എനിക്ക് വലിയ ഒരു പ്രത്യാശയുണ്ട്. ഉയിർപ്പിൻ സുപ്രഭാതത്തിൽ ദൂതർ വീണമീട്ടുന്ന പൊൻകിരീട കൂട്ടത്തിൽ പേര് വിളിക്കുമ്പോൾ എന്റെ പപ്പായുടെ പേരും അവിടെ കാണും.

# എന്റെ പ്രിയപ്പെട്ട പപ്പായെക്കുറിച്ചുള്ള വിലയേറിയ ഓർമ്മകൾ

റെനി കോശി

ദൈവിക പാരമ്പര്യമുള്ള ഒരു കുടുംബത്തിൽ ജനിച്ച് ഭക്തരായ മാതാപിതാക്കളാൽ വളർത്തപ്പെട്ടതിൽ ഞാൻ അഭിമാനിക്കുന്നു. എന്റെ പിതാവിന്റെ മൂന്ന് മക്കളിൽ ഏറ്റവും ഇളയവളായിട്ടാണ് ഞാൻ ജനിച്ചത്, അതു കൊണ്ട് തന്നെ ധാരാളം മധുരിക്കുന്ന ഓർമ്മകളും എനിക്ക് സ്വന്തമാണ്. ഒരു പിതാവിന്റെയും മകളുടെയും ബന്ധത്തിന്റെ രസതന്ത്രം ഞാൻ ശരിക്കും ആസ്വദിച്ചിരുന്നു. മക്കളില്ലാത്തതിനാൽ പപ്പായുടെ അമ്മ ഹന്നായെപ്പോലെ എനിക്ക് മക്കളെ നല്കി തരണമെന്ന് ശകത്മായി പ്രാർത്ഥിക്കുകയും ഉത്തരമായി സീമന്ത മകനായി പപ്പാ ജനിക്കുകയും ചെയ്തു. അതു കൊണ്ടാണ് പപ്പായ്ക്ക് ശമുവേൽ എന്ന നാമകരണം ചെയ്തത്. രണ്ട് ആൺകുട്ടികൾക്ക് ശേഷം ഒരു പെൺകുഞ്ഞിനെ വേണം എന്ന് പപ്പാ ആഗ്രഹിക്കുകയും അതിനുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. ദൈവം പപ്പായുടെ പ്രാർത്ഥന കേട്ട് എന്നെ പപ്പായ്ക്ക് നൽകി കൊടുത്തു. എനിക്കും ഒരു മകൻ ജനിച്ച ശേഷം ഒരു പെൺകുഞ്ഞിനെ ലഭിക്കണം എന്ന് ഞാനും ആഗ്രഹിക്കുകയും അതിനു വേണ്ടി പപ്പായോട് പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുകയുണ്ടായി. പ്രാർത്ഥന കഴിഞ്ഞ് പപ്പാ എന്നെ അനുഗ്രഹിച്ച് പറഞ്ഞു 'കർത്താവ് നിന്റെ അപേക്ഷ നൽകട്ടെ' എന്ന്. അതുപോലെ തന്നെ ദൈവം എനിക്ക് ഒരു മകളെ നല്കി തന്നു.

ബൈബിളിലെ ദാനിയേലിനെപ്പോലെ അച്ചടക്കമുള്ള പ്രാർത്ഥനാ ജീവിതമായിരുന്നു പപ്പയുടെ വിജയത്തിന്റെ ഒരു രഹസ്യം. ദൈവവചനം ധ്യാനിക്കുന്നതിനും എല്ലാ ദിവസവും രാവിലെ പ്രാർത്ഥിക്കുന്നതിനും അദ്ദേഹം മുൻഗണന നൽകി, അത് പപ്പായുടെ പിതാവ് പാസ്റ്റർ എആർടി അതിശയത്തിൽ നിന്നും പൈതൃകമായി ലഭിച്ചതാണ്. ദൈവീക വിഷയത്തിൽ യാതൊരു വിട്ടുവീഴ്ചയ്ക്കും തയ്യാറല്ലായിരുന്നു പ്പാ, മണിക്കൂറുകളോളം മുറി അടച്ചു, ദൈവത്തോട് നിലവിളിക്കുന്നത് ഞങ്ങൾക്ക് കേൾക്കാമായിരുന്നു. പരിശുദ്ധാത്മാവ് നയിക്കുന്നതു പോലെ ഉപവസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു. ഞങ്ങളുടെ വീട്ടിൽ, എല്ലാ ദിവസവും രാവിലെയും വൈകുന്നേരവും കുടുംബ പ്രാർത്ഥനയ്ക്കായി സമയം വേർതിരിച്ചിരുന്നു. ദൈവവചനം മനഃപാഠമാക്കി പഠിക്കുക മാത്രമല്ല അത് പ്രയോഗിക ജീവിതത്തിൽ ഉപയോഗപ്രദമാക്കണമെന്നും പപ്പാ ഓർപ്പിക്കുമായിരുന്നു. ഇന്നും ഞാൻ ഓർക്കുന്നു എന്നോട് ആദ്യം മനഃപാഠമാക്കുവാൻ പറഞ്ഞ ബൈബിൾ വാക്യം, അത് യോഹന്നാന്റെ സുവിശേഷം 14:27 ആയിരുന്നു. "സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചുപോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നതു. നിങ്ങളുടെ ഹൃദയം കലങ്ങരുതു, ഭ്രമിക്കയും അരുതു". ഇപ്പോൾ കടന്നു പോകുന്ന ഈ വേദനയുടെ സമയത്ത് ഈ തിരുവെഴുത്ത് എനിക്ക് ആശ്വാസം നല്കി തരും എന്നെനിക്കറിയാം.

ഞാൻ വളരുമ്പോൾ പപ്പയ്ക്ക് എപ്പോഴും ഒരു മകളെന്ന നിലയിൽ എന്നോട് ഒരു പ്രത്യേക സ്നേഹമുണ്ടായിരുന്നു. പപ്പ ഞങ്ങളെ നല്ല റെസ്റ്റോറന്റുകളിലേക്ക് കൊണ്ടുപോകുമ്പോൾ റെസ്റ്റോറ്റോറന്റ് ഏത് വേണമെന്ന് തിരഞ്ഞെടുക്കുന്നതിനുള്ള അവസരം പലപ്പോഴും എനിക്ക് നല്കിയിരുന്നു. ഞങ്ങൾ ആവശ്യപ്പെടുന്നതെന്തും അദ്ദേഹം വാങ്ങി നല്കുമായിരുന്നു. നന്നായി പഠിക്കുന്നതിനും ജീവിതത്തിലെ എല്ലാ മേഖലകളിലും മികവ് പുലർത്താനും അദ്ദേഹം ഞങ്ങളെ പ്രോത്സാഹിപ്പിച്ചു. ആത്മീയ കാര്യങ്ങളിലും ഭക്ഷണം കഴിക്കുന്നതിലും ദൈനംദിന പ്രവർത്തനങ്ങളിലും എല്ലാം അച്ചടക്കുമുള്ള ജീവിതമായിരുന്നു പപ്പായുടേത്. യാത്ര ചെയ്യുന്നതും, സ്ഥലങ്ങൾ സന്ദർശിക്കുന്നതും, പുസ്തകങ്ങൾ വായിക്കുകയും ചെയ്യുന്നത് പപ്പായ്ക്ക് വളരെ അധികം സന്തോമുള്ള കാര്യമായിരുന്നു. ലോകമെമ്പാടുമുള്ള വൈവിധ്യമാർന്ന ഭക്ഷണം കഴിക്കുന്നതിന് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നു, എങ്കിലും മമ്മിയുടെ പാചകത്തോട് പ്രത്യേക സ്നേഹമുണ്ടായിരുന്നു. പപ്പയുടെ ഭക്ഷണം രുചികരമായി കൃത്യസമയത്ത് തയ്യാറാക്കുന്നതിന് മമ്മി ശ്രദ്ധവെച്ചിരുന്നു. പപ്പ എന്റെ മക്കളായ ജോണിനെയും ജോവാനെയും വളരെ സ്നേഹിച്ചു, പപ്പാ അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും അവരോടൊപ്പം സമയം ചെലവഴിക്കുയും ചെയ്യുമായിരുന്നു. എന്റെ മക്കളെ പപ്പായെ വലിയപപ്പാ എന്നാണ് വിളിക്കുന്നത്. എന്റെ മകൻ ജോണിന്റെ ആദ്യ കാർ ഉൾപ്പെടെ അനവധി നിരവധി സമ്മാനങ്ങൾ പപ്പാ അവർക്ക് നല്കി കൊടുത്തു. ജോണിന് 3 വയസ്സ് മാത്രം പ്രായമുള്ളപ്പോൾ ഒരു ദിവസം എന്നോട് പറഞ്ഞു എനിക്ക് വലിയപപ്പായെപ്പോലെ ആയിത്തിരാനും അതുപോലെ പ്രസംഗിക്കുവാനും ആഗ്രഹമുണ്ടെന്ന്.

കർത്താവിനോടുള്ള പ്രതിബദ്ധതയിൽ ദൈവരാജ്യത്തിന്റെ വികാസത്തിന് വേണ്ടി മാത്രമാണ് പപ്പ ജീവിച്ചത്.അദ്ദേഹത്തിന്റെ ഭരണപരമായ കഴിവുകൾ, സഭയിലെ മാതൃകാപരമായ നേതൃത്വം, ദൈവവചനത്തെക്കുറിച്ചുള്ള അറിവ് എന്നിവ വളരെ ശ്രദ്ധേയമായിരുന്നു. മാത്രമല്ല അചഞ്ചലമായ ഉല്പതിഷ്ണതയ്ക്കും ആരാലും തകർക്കുവാൻ കഴിയാത്ത ദൈവീക വിശ്വാസവും ധൈര്യവും ഉള്ള ആളായിരുന്നു. ആരോടും വൈര്യാഗം പുലർത്താതെ ഏവരോടും ക്ഷമിക്കുവാനുള്ള എളിയ ഹൃദയമുണ്ടായിരുന്നു, അതിന് പപ്പായെ ഞങ്ങൾ ഏറ്റവും പ്രശംസിച്ചിരുന്നു. ഒരിക്കൽ പപ്പായുടെ നേട്ടങ്ങളെക്കുറിച്ച് ഞാൻ അഭിനന്ദിച്ചപ്പോൾ പപ്പാ പറഞ്ഞത് ദൈവത്തിന്റെ സഹായവും കൃപയും ഇല്ലായിരുന്നുവെങ്കിൽ ഞാൻ വെറും വട്ടപൂജ്യമാകുമായിരുന്നു എന്നാണ്. അങ്ങനെ ജീവിതത്തിൽ നേടുന്ന എല്ലാ വിജയവും സ്വകഴിവല്ല ദൈവത്താൽ ലഭ്യമായതെന്ന് അംഗീകരിക്കാനുള്ള വിനയം പപ്പായ്ക്ക് ഉണ്ടായിരുന്നു എന്നാണ് അത് തെളിയിക്കുന്നത്. നിരാലംബരോടും, ആശയറ്റവരോടും ആളുകളോട് വലിയ ദീനാനുകമ്പയാണ് പപ്പായ്ക്ക് ഉണ്ടായിരുന്നത്. അതിനാൽ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും മറ്റ് സുവിശേഷികരണ ദൗത്യങ്ങൾക്കും പണം നൽകി കൊടുത്തിരുന്നു. ദൈവരാജ്യ വ്യാപനത്തിനായി സാമ്പത്തീകമായി സഹായിക്കുവാൻ അദ്ദേഹം ഞങ്ങളെ ഉത്തേജിപ്പിച്ചിരുന്നു.

2020 ഫെബ്രുവരിയിൽ ഞാൻ പപ്പായെ സന്ദർശിക്കുന്നതിനായി ഇൻഡ്യയിൽ എത്തിച്ചേർന്നപ്പോൾ ഞാൻ അധിക സമയവും ചിലവഴിച്ചത് പപ്പായുടെ കഴിഞ്ഞ കാലത്തെ ആത്മീയവും ഭൗതികവും, വ്യക്തിപരവും, കുടുംബപരവുമായുള്ള നല്ല ഓർമ്മകൾ പ്രതിഫലിപ്പിക്കുന്നതിനായിരുന്നു. ഹൃദയസ്പർശിയായ മധുരകരമായ സംഭാഷണം ഞങ്ങൾക്ക് ഇടയിൽ ഉണ്ടായി. ആ സമയത്തെല്ലാം ഞങ്ങൾ ഒത്തുചേർന്ന് പ്രാർത്ഥിക്കുമ്പോൾ പപ്പായുടെ പ്രാർത്ഥന നിത്യതയ്ക്കായി എന്നെ ഒരുക്കണമെ എന്നതായിരുന്നു. ഫെബ്രുവരി അവസാനം പപ്പായോട് യാത്ര പറയുമ്പോൾ പപ്പായുടെ ഉള്ളിൽ നിറയുന്ന പ്രത്യാശ മുഖത്ത് കാണാമായിരുന്നു. ഏത് സമയത്ത് ദൈവം തന്റെ സന്നിധിയിലേക്ക് വിളിച്ചാലും പോകുവാനുള്ള വലിയ പ്രത്യാശ ആ മുഖത്ത് ഞാൻ ദർശിച്ചു. അതിനാൽ വലിയ സമാധാനത്തോടും സന്തോഷത്തോടുമാണ് ഞാൻ മടങ്ങിയത്.

സെപ്റ്റംബർ 25 ന് പ്രഭാതത്തിൽ പപ്പ കുളിക്കുകയും പ്രഭാതഭക്ഷണം കഴിക്കുകയും പ്രോട്ടീൻ ഡ്രിങ്ക് കുടിക്കുകയും ചെയ്ത് കഴിഞ്ഞപ്പോൾ പെട്ടെന്ന് ബിപിയും പൾസും കുറഞ്ഞു. പെട്ടെന്ന് വീഡിയോ കോൾ വഴി ഞങ്ങൾ പ്രാർഥനയിൽ സമയം ചിലവഴിച്ചു. ദൈവീക ഭവനത്തിലേക്ക് പപ്പായെ ചേർക്കുന്നതിനുള്ള സമയം ആയിരുന്നു അത്. കഴിഞ്ഞ കുറെ വർഷങ്ങളായി പപ്പായെ നന്നായി ശുശ്രൂഷിക്കുന്നതിനും പരിപാലിക്കുന്നതിനും റോയിച്ചായനും എനിക്കും കഴിഞ്ഞു എന്ന ചാരിതാർത്ഥ്യമുണ്ട്. ഈ ലോക ജീവിതം പപ്പാ അവസാനിപ്പിച്ച് യേശുവിന്റെ കരങ്ങളിലേക്ക് സമാധാനത്തോടും സന്തോഷത്തോടും ചേർക്കപ്പെടുന്നത് കാണുവാനുള്ള ഭാഗ്യം ഞങ്ങൾക്കുണ്ടായി.

പ്രവൃത്തികൾ 13: 36–ൽ കാണുന്നതു പോലെ പപ്പയുടെ ജീവിതം ഇങ്ങനെ സംഗ്രഹിക്കാം: 'ദാവീദ് തന്റെ തലമുറയിൽ ദൈവത്തിന്റെ ആലോചനെക്കു ശുശ്രൂഷ ചെയ്തശേഷം നിദ്രപ്രാപിച്ചു തന്റെ പിതാക്കന്മാരോടു ചേർന്നു ദ്രവത്വം കണ്ടു.'ദാവിദിനെപ്പോലെ, പപ്പയും ദൈവത്തിന്റെ ഉദ്ദേശ്യം നിറവേറ്റി എന്ന് ഞങ്ങൾ വിശ്വസിക്കുന്നു. പപ്പ തന്റെ ഓട്ടം വിശ്വസ്തതയോടെ പൂർത്തിയാക്കി, അദ്ദേഹത്തിൽ ജ്വലിച്ച സുവിശേഷത്തിന്റെ അഗ്നി ഞങ്ങളിലേക്ക് പകർന്ന് നല്കിയിട്ടാണ് പപ്പാ കടന്നു പോയത്. അത് തലമുറകളിലേക്ക് കൈമാറ്റപ്പെട്ടു, പ്രത്യേകിച്ച് റോയിച്ചായനും എന്റെ കുട്ടികൾക്കും മഹത്തായ ഗ്രേറ്റ് കമ്മീഷൻ നിറവേറ്റുന്നതിനായി പപ്പയുടെ പാരമ്പര്യവും കാഴ്ചപ്പാടും മുന്നോട്ട് കൊണ്ടുപോകാണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ ലോകത്തിൽ എനിക്ക് പപ്പയെ നഷ്ടമായി എന്നാൽ പപ്പാ മാതാപിതാക്കളോടും എന്റെ പ്രിയ സഹോദരൻ റെജിമോനോടും ഒപ്പം എന്റെ യേശുവിന്റെ സന്നിധിയിൽ ഞാൻ വീണ്ടും കാണുമെന്ന് എനിക്കറിയാം അത് ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു.

